**മൂപ്പന്മാർക്കും**
**ഉത്തരവാദിത്തപ്പെട്ടവർക്കുമുള്ള**
**അന്തർദേശീയ പരിശീലനം**
നവംബർ 2025

## പൊതുവിഷയം:
## മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങളുടെ നിർണയാക വശങ്ങൾ

ദൂത് ഒന്ന്

## ആത്മാവിൽ ദരിദ്രരും ഹൃദയത്തിൽ ശുദ്ധിയുള്ളവരുമായിരിക്കുന്നതിന്റെ അനുഗ്രഹാവസ്ഥ നമ്മുടെ പുതിയ രാജാവായ ക്രിസ്തുവിന്റെ സ്വർഗീയ ഭരണത്തിൻ കീഴിൽ നമുക്കായിരിക്കാമെന്നതും ദൈവത്തെ അവന്റെ ജീവനിൽ ആവിഷ്കരിക്കുവാനും അവന്റെ അധികാരത്തോടുകൂടെ അവനെ പ്രതിനിധീകരിക്കുവാനും നമുക്ക് ദൈവത്തെ കാണാമെന്നതുമാണ്

MC *Hymns*: ML631, ML249

തിരുവെഴുത്ത് വായന: മത്താ. 5:3, 8

മത്താ. 5:3 ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു.

മത്താ. 5:8 ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും.

**I. "ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു"—മത്താ.5:3:**

A. ആത്മാവിൽ ദരിദ്രരായിരിക്കുകയെന്നാൽ താഴ്മയുള്ളവരായിരിക്കുക എന്നു മാത്രമല്ല, പിന്നെയോ പഴയ യുഗത്തിന്റെ പഴയ കാര്യങ്ങളെ മുറുകെപ്പിടിക്കാതെ പുതിയ കാര്യങ്ങൾ, സ്വർഗരാജ്യത്തിന്റെ കാര്യങ്ങൾ, സ്വീകരിക്കുന്നതിനായി ഭാരമിറക്കിവച്ചവർ ആയിരുന്നുകൊണ്ട് നമ്മുടെ ആത്മാവിൽ, നമ്മുടെ ആളത്തത്തിന്റെ ആഴത്തിൽ, ശൂന്യമാക്കപ്പെട്ടവർ ആയിരിക്കുക എന്നുകൂടിയാണ്—പ്ര.നി. ലൂക്കൊ. 6:20.

ലൂക്കൊ. 6:20 അവനോ തന്റെ ശിഷ്യന്മാരിലേക്കു കണ്ണുകൾ ഉയർത്തി പറഞ്ഞു, ദരിദ്രരായവർ അനുഗൃഹീതർ, ദൈവരാജ്യം നിങ്ങളുടേതാകുന്നു.

B. നാം സ്വർഗരാജ്യത്തെ അനുഭവിച്ചറിയുകയും സ്വായത്തമാക്കുകയും ചെയ്യേണ്ടതിന് നമ്മുടെ മനുഷ്യാത്മാവിൽ നാം ദരിദ്രരും, ശൂന്യമാക്കപ്പെട്ടവരും, ഭാരമിറക്കിയവരും ആയിരിക്കണം—പ്ര.നി. മത്താ. 19:13-15.

മത്താ. 19:13 അപ്പോൾ അവരുടെമേൽ കൈവച്ചു പ്രാർഥിക്കേണ്ടതിനു പൈതങ്ങളെ അവന്റെ അടുക്കൽ കൊണ്ടുവന്നു, എന്നാൽ ശിഷ്യന്മാർ അവരെ ശാസിച്ചു.

മത്താ. 19:14 എന്നാൽ യേശു, പൈതങ്ങളെ അനുവദിക്കുവിൻ, അവരെ എന്റെ അടുക്കൽ വരുവാൻ തടയരുത്, എന്തെന്നാൽ സ്വർഗരാജ്യം ഇങ്ങനെയുള്ളവരുടേതാകുന്നു എന്നു പറഞ്ഞു.

മത്താ. 19:15 അവരുടെമേൽ കൈവച്ചശേഷം അവൻ അവിടെ നിന്ന് പുറപ്പെട്ടു.

C. ആത്മാവിൽ ദരിദ്രരായിരിക്കുകയെന്നാൽ അതർഥമാക്കുന്നത് നമുക്ക് ഒന്നുമില്ലെന്നും, ഒന്നും അറിയില്ലെന്നും, ഒന്നും ചെയ്യുവാൻ കഴിയില്ലെന്നും, നാം ഒന്നുമല്ലെന്നും അംഗീകരിച്ചുകൊണ്ട് നാം താഴ്മയുള്ളവരായിരിക്കുന്നതാണ്—ഗലാ. 6:3; യോഹ. 15:5; യെശ. 57:15; 66:2:

| | |
|---|---|
| ഗലാ. 6:3 | താൻ ഒന്നുമല്ലാതിരിക്കേ എന്തോ ആകുന്നു എന്ന് ഒരുവൻ ചിന്തിക്കുന്നുവെങ്കിൽ, അവൻ അവനെത്തന്നെ വഞ്ചിക്കുന്നു. |
| യോഹ. 15:5b | ...എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല. |
| യെശ. 57:15 | ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിന്നും മനസ്താപമുള്ളവരുടെ ഹൃദയത്തിന്നും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടുകൂടെയും വസിക്കുന്നു. |
| യെശ. 66:2 | എന്റെ കൈ ഇതൊക്കെയും ഉണ്ടാക്കി; അങ്ങനെയാകുന്നു ഇതൊക്കെയും ഉളവായതു എന്നു യഹോവ അരുളിച്ചെയ്യുന്നു; എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറെക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും.. |

1. ആത്മാവിൽ ദരിദ്രരായവർക്ക് കർത്താവിന്റെ കാര്യങ്ങൾക്കും സഭയുടെ കാര്യങ്ങൾക്കുംവേണ്ടി മനസ്സൊരുക്കമുള്ള ഒരു ആത്മാവുണ്ട്—സങ്കീ. 51:12.

| | |
|---|---|
| സങ്കീ. 51:12 | നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ; മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ. |

2. ആത്മാവിൽ ദരിദ്രരായവർ സന്തോഷത്തിന്റെ ആത്മാവിനെയും, ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവിനെയും, ആലോചനയുടെയും ബലത്തിന്റെയും ആത്മാവിനെയും, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവിനെയും അനുഭവമാക്കുന്നു—എബ്രാ. 1:9; റോമ. 14:17; യെശ. 11:2-3.

| | |
|---|---|
| എബ്രാ. 1:9 | നീ നീതിയെ സ്നേഹിച്ചും അധർമത്തെ വെറുത്തുമിരിക്കുന്നു; അതുകൊണ്ട്, ദൈവം, നിന്റെ ദൈവം, നിന്റെ കൂട്ടാളികൾക്കു മീതെ നിന്നെ ഹർഷോന്മാദത്തിൻ എണ്ണകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു" എന്നും, |
| റോമ. 14:17 | എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ. |
| യെശ. 11:2 | അവന്റെമേൽ യഹോവയുടെ ആത്മാവു ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവു, ആലോചനയുടെയും ബലത്തിന്റെയും ആത്മാവു, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവു തന്നേ. |

യെശ. 11:3 അവന്റെ പ്രമോദം യഹോവാഭക്തിയിൽ ആയിരിക്കും; അവൻ കണ്ണുകൊണ്ടു കാണുന്നതുപോലെ ന്യായപാലനം ചെയ്കയില്ല; ചെവികൊണ്ടു കേൾക്കുന്നതുപോലെ വിധിക്കയുമില്ല.

D. എല്ലാ ആത്മിക പുരോഗതിയും മനുഷ്യന്റെ വിശപ്പിനെ ആശ്രയിച്ചിരിക്കുന്നു—ലൂക്കൊ. 1:53; സങ്കീ. 81:10:

ലൂക്കൊ. 1:53 വിശക്കുന്നവരെ അവൻ നന്മകൾകൊണ്ടു നിറച്ചും, സമ്പന്നരെ അവൻ ശൂന്യമായി അയച്ചുമിരിക്കുന്നു

സങ്കീ. 81:10 മിസ്രയീംദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു; നിന്റെ വായ് വിസ്താരത്തിൽ തുറക്ക; ഞാൻ അതിനെ നിറെക്കും.

1. സ്വയ-അലംഭാവത്തെയും, സ്വയ-സംതൃപ്തിയെയും, കഴിഞ്ഞകാലത്തെ കാര്യങ്ങളിലുള്ള സംതൃപ്തിയെയും കുറിച്ച് നാം ഭയമുള്ളവരായിരിക്കണം—ഫിലി. 3:13.

ഫിലി. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

2. ഒരുവന്റെ സ്വന്തം ആത്മിക അഭാവത്തോടുള്ള നിസ്സംഗതയുടെ ഫലമാണ് ആത്മിക സ്തംഭനാവസ്ഥ; എല്ലാ പരാജയങ്ങളും അധഃപതനവും സ്വയംതൃപ്തിയുടെ ഫലമാണ്—പ്ര.നി. ആവ. 4:25.

ആവ. 4:25 നീ മക്കളെയും മക്കളുടെ മക്കളെയും ജനിപ്പിച്ചു ദേശത്തു ഏറെക്കാലം പാർത്തു വഷളായിത്തീർന്നിട്ടു വല്ലതിന്റെയും സാദൃശ്യമായ വിഗ്രഹം ഉണ്ടാക്കി നിന്റെ ദൈവമായ യഹോവെക്കു അനിഷ്ടമായുള്ളതു ചെയ്തു അവനെ കോപിപ്പിച്ചാൽ

3. കഴിഞ്ഞകാല വിജയം ഒരിക്കലും നമ്മുടെ വർത്തമാനകാല ബലമായിരിക്കുവാൻ കഴിയുകയില്ല—പ്ര.നി. യോശു. 7:3-4:

യോശു. 7:3 യോശുവയുടെ അടുക്കൽ മടങ്ങിവന്നു അവനോടു: ജനം എല്ലാം പോകേണമെന്നില്ല; ഹായിയെ ജയിച്ചടക്കുവാൻ രണ്ടായിരമോ മൂവായിരമോ പോയാൽ മതി; സർവ്വജനത്തെയും അവിടേക്കു അയച്ചു കഷ്ടപ്പെടുത്തേണ്ടാ; അവർ ആൾ ചുരുക്കമത്രേ എന്നു പറഞ്ഞു.

യോശു. 7:4 അങ്ങനെ ജനത്തിൽ ഏകദേശം മൂവായിരം പേർ അവിടേക്കു പോയി; എന്നാൽ അവർ ഹായിപട്ടണക്കാരുടെ മുമ്പിൽനിന്നു തോറ്റു ഓടി.

a. കർത്താവിനെക്കുറിച്ചുള്ള പുതിയ അറിവും അവനെക്കുറിച്ചുള്ള പുതിയ ദർശനവും ഇല്ലാതെ നമുക്ക് മുന്നോട്ടു പോകുവാൻ കഴിയുകയില്ല—പ്ര.നി. പ്രവൃ. 26:16; ഫിലി. 3:8, 10.

പ്രവൃ. 26:16 എന്നാൽ എഴുന്നേറ്റ് നിവർന്നുനിൽക്കുക; നീ എന്നെ കണ്ട കാര്യങ്ങൾക്കും ഞാൻ നിനക്കു

പ്രത്യക്ഷനാകുവാൻ പോകുന്ന കാര്യങ്ങൾക്കും, നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിക്കുവാൻ നിനക്ക് ഞാൻ പ്രത്യക്ഷനായിരിക്കുന്നു;

ഫിലി. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്, ...

b. “എനിക്ക് അത് ചെയ്യുവാൻ കഴിയില്ല” എന്ന് നാം നിലവിളിക്കുമ്പോഴെല്ലാം, നമ്മുടെ പുരോഗതി ആരംഭിച്ചിരിക്കുന്നു; അപ്പോൾ ദൈവത്തിന് നമ്മിൽ അവനോടുള്ള ഒരു ആഗ്രഹം എളുപ്പത്തിൽ സൃഷ്ടിക്കുവാൻ കഴിയും—പ്ര.നി. 2 ദിന. 20:12.

2 ദിന. 20:12 ഞങ്ങളുടെ ദൈവമേ, നീ അവരെ ന്യായം വിധിക്കയില്ലയോ? ഞങ്ങളുടെ നേരെ വരുന്ന ഈ വലിയ സമൂഹത്തോടെതിർപ്പാൻ ഞങ്ങൾക്കു ശക്തിയില്ല; എന്തു ചെയ്യേണ്ടു എന്നു അറിയുന്നതുമില്ല; എങ്കിലും ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു തിരിഞ്ഞിരിക്കുന്നു.

c. അവനെക്കൊണ്ട് നമ്മെ കൂടുതൽ നിറയ്ക്കുവാൻ അവന് കഴിയത്തക്കവണ്ണം നമ്മിൽ കൂടുതൽ ആഴത്തിൽ കുഴിക്കുന്നതിനായി ദൈവം നമുക്ക് പ്രയാസങ്ങൾ നൽകുന്നുവെന്ന് നാം ഓർക്കണം—പ്ര.നി. റോമ. 8:28-29.

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

4. നാം ശൂന്യരാകുമ്പോഴെല്ലാം, കർത്താവ് നമ്മെ നിറയ്ക്കും; ആത്മിക പുരോഗതി എന്നത് തുടർച്ചയായി ശൂന്യമാക്കപ്പെടുകയും നിരന്തരം നിറയ്ക്കപ്പെടുകയും ചെയ്യുന്ന ഒരു കാര്യമാണ്—പ്ര.നി. 2 രാജാ. 4:1-6.

2 രാജാ. 4:1 പ്രവാചകശിഷ്യന്മാരുടെ ഭാര്യമാരിൽ ഒരുത്തി എലീശയോടു നിലവിളിച്ചു: നിന്റെ ദാസനായ എന്റെ

ഭർത്താവു മരിച്ചുപോയി; നിന്റെ ദാസൻ യഹോവാഭക്തനായിരുന്നു എന്നു നിനക്കറിയാമല്ലോ; ഇപ്പോൾ കടക്കാരൻ എന്റെ രണ്ടു മക്കളെ പിടിച്ചു അടിമകളാക്കുവാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു.

2 രാജാ. 4:2 എലീശ അവളോടു: ഞാൻ നിനക്കു വേണ്ടി എന്തു ചെയ്യേണം? പറക; വീട്ടിൽ നിനക്കു എന്തുള്ളു എന്നു ചോദിച്ചു. ഒരു ഭരണി എണ്ണയല്ലാതെ അടിയന്റെ വീട്ടിൽ മറ്റൊന്നും ഇല്ല എന്നു അവൾ പറഞ്ഞു.

2 രാജാ. 4:3 അതിന്നു അവൻ: നീ ചെന്നു നിന്റെ അയൽക്കാരോടൊക്കെയും വെറുമ്പാത്രങ്ങൾ വായ്പ വാങ്ങുക; പാത്രങ്ങൾ കുറവായിരിക്കരുതു.

2 രാജാ. 4:4 പിന്നെ നീയും നിന്റെ മക്കളും അകത്തു കയറി വാതിൽ അടച്ചു പാത്രങ്ങളിലൊക്കെയും പകർന്നു, നിറഞ്ഞതു നിറഞ്ഞതു ഒരു ഭാഗത്തുമാറ്റിവെക്കുക എന്നു പറഞ്ഞു.

2 രാജാ. 4:5 അവൾ അവനെ വിട്ടു ചെന്നു തന്റെ മക്കളോടുകൂടെ അകത്തുകടന്നു വാതിൽ അടച്ചു; അവർ അവളുടെ അടുക്കൽ പാത്രങ്ങളെ വെച്ചുകൊടുക്കയും അവൾ പകരുകയും ചെയ്തു.

2 രാജാ. 4:6 പാത്രങ്ങൾ നിറഞ്ഞശേഷം അവൾ തന്റെ മകനോടു: ഇനിയും പാത്രം കൊണ്ടുവരിക എന്നു പറഞ്ഞു. അവൻ അവളോടു: പാത്രം ഒന്നും ഇല്ല എന്നു പറഞ്ഞു. അപ്പോൾ എണ്ണ നിന്നുപോയി.

E. “ദൈവരാജ്യത്തെ ഒരു പൈതലിനെപ്പോലെ സ്വീകരിക്കാത്ത ഏവനും ഒരു വിധത്തിലും അതിലേക്ക് പ്രവേശിക്കുകയില്ല എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു”—ലൂക്കൊ. 18:17:

1. പഴയ ധാരണകളാൽ നിറഞ്ഞിട്ടില്ലാത്തവനും അതിൽ മുഴുകിയിട്ടില്ലാത്തവനുമായ ഒരു കൊച്ചുകുട്ടിക്ക് എളുപ്പത്തിൽ ഒരു പുതിയ ചിന്ത സ്വീകരിക്കുവാൻ കഴിയും—പ്ര.നി. സങ്കീ. 139:17.

സങ്കീ. 139:17 ദൈവമേ, നിന്റെ വിചാരങ്ങൾ എനിക്കു എത്ര ഘനമായവ! അവയുടെ ആകത്തുകയും എത്ര വലിയതു!

2. ആളുകൾ കൊച്ചുകുട്ടികളെപ്പോലെ ആയിരിക്കുകയും, വ്യാപൃതമായിരിക്കാത്ത ഹൃദയത്തോടെ ദൈവരാജ്യത്തെ ഒരു പുതിയ കാര്യമായി സ്വീകരിക്കുകയും വേണം.

## II. “ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും”—മത്താ. 5:8:

A. ശുദ്ധിയുള്ള ഒരു ഹൃദയം ഉണ്ടായിരിക്കുകയെന്നാൽ യാതൊരു തടസ്സവുമില്ലാതെ ക്രിസ്തുവിന് നമ്മിൽ വളരേണ്ടതിന് കർത്താവിനെയല്ലാതെ മറ്റൊന്നും അന്വേഷിക്കാതെ നമ്മുടെ ഹൃദയം ഏകാഗ്രമായിരിക്കുക എന്നാണ്—13:19-23.

മത്താ. 13:19 ആരെങ്കിലും രാജ്യത്തിന്റെ വചനം കേൾക്കുകയും മനസ്സിലാക്കാതെയും ഇരിക്കുമ്പോൾ, ദുഷ്ടൻ വന്ന് അവന്റെ

ഹൃദയത്തിൽ വിതച്ചത് തട്ടിയെടുത്തു കൊണ്ടു പോകുന്നു. ഇതാകുന്നു വഴിയരികെ വിതയ്ക്കപ്പെട്ടത്.

മത്താ. 13:20 പാറകളിന്മേൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടുകൂടി അതിനെ കൈക്കൊള്ളുന്നവൻ ആകുന്നു.

മത്താ. 13:21 എങ്കിലും അവനു തന്നിൽത്തന്നെ വേരില്ല, ക്ഷണനേരം മാത്രം നിൽക്കുന്നു, വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവൻ ഇടറിപ്പോകുന്നു.

മത്താ. 13:22 മുള്ളുകളിൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേൾക്കുന്നവൻ ആകുന്നു, യുഗത്തിന്റെ വ്യാകുലതയും ധനത്തിന്റെ വഞ്ചനയും വചനത്തെ നിശ്ശേഷം ഞെരുക്കിക്കളഞ്ഞ്, അതു നിഷ്ഫലമായിത്തീരുന്നു.

മത്താ. 13:23 എന്നാൽ നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ, ഇത് വചനത്തെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവൻ ആകുന്നു, അവൻ എല്ലാ വിധത്തിലും ഫലം കായ്ച്ച്, ഒന്ന് നൂറു മടങ്ങായും, ഒന്ന് അറുപതു മടങ്ങായും, ഒന്ന് മുപ്പതു മടങ്ങായും ഫലം പുറപ്പെടുവിക്കുന്നു.

B. ദൈവത്തെ അന്വേഷിക്കുന്നതിൽ നാം ഹൃദയശുദ്ധിയുള്ളവരാണെങ്കിൽ നാം ദൈവത്തെ കാണും എന്നതാണ് നമ്മുടെ പ്രതിഫലം.

C. ദൈവം ഇയ്യോബിന് പ്രത്യക്ഷപ്പെട്ടപ്പോൾ, അവൻ ദൈവത്തെ കണ്ടു, അവന്റെ വ്യക്തിപരമായ അനുഭവത്തിൽ ദൈവത്തെ നേടുകയും അവനെത്തന്നെ വെറുക്കുകയും ചെയ്തു—ഇയ്യോ. 38:1-3; 42:1-6.

ഇയ്യോ. 38:1 അനന്തരം യഹോവ ചുഴലിക്കാറ്റിൽ നിന്നു ഇയ്യോബിനോടു ഉത്തരം അരുളിച്ചെയ്തതെന്തെന്നാൽ:

ഇയ്യോ. 38:2 അറിവില്ലാത്ത വാക്കുകളാൽ ആലോചനയെ ഇരുളാക്കുന്നോരിവനാർ?

ഇയ്യോ. 38:3 നീ പുരുഷനെപ്പോലെ അര മുറുക്കികൊൾക; ഞാൻ നിന്നോടു ചോദിക്കും; എന്നോടു ഉത്തരം പറക.

ഇയ്യോ. 42:1 അതിന്നു ഇയ്യോബ് യഹോവയോടു ഉത്തരം പറഞ്ഞതു:

ഇയ്യോ. 42:2 നിനക്കു സകലവും കഴിയുമെന്നും നിന്റെ ഉദ്ദേശമൊന്നും അസാദ്ധ്യമല്ലെന്നും ഞാൻ അറിയുന്നു.

ഇയ്യോ. 42:3 അറിവുകൂടാതെ ആലോചനയെ മറിച്ചുകളയുന്നോരിവനാർ? അങ്ങനെ എനിക്കറിഞ്ഞുകൂടാതവണ്ണം അത്ഭുതമേറിയതു ഞാൻ തിരിച്ചറിയാതെ പറഞ്ഞുപോയി.

ഇയ്യോ. 42:4 കേൾക്കേണമേ; ഞാൻ സംസാരിക്കും; ഞാൻ നിന്നോടു ചോദിക്കും; എന്നെ ഗ്രഹിപ്പിക്കേണമേ.

ഇയ്യോ. 42:5 ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു; ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു.

ഇയ്യോ. 42:6 ആകയാൽ ഞാൻ എന്നെത്തന്നേ വെറുത്തു പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു.

D. ഇന്ന് നമ്മുടെ ദൈവം പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേകദൈവത്തിന്റെ പരിണതിയായ സർവവും ഉൾക്കൊള്ളുന്ന ആത്മാവാണ്; ഇന്ന് നാം കാണുന്ന ദൈവം പരിണതിപ്രാപിച്ച

ആത്മാവാണ്. നമുക്കവനെ നമ്മുടെ ആത്മാവിൽ നോക്കുവാൻ കഴിയും—2 കൊരി. 2:10; 2 തിമൊ. 4:22.

2 കൊരി. 2:10 എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു.

2 തിമൊ. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

E. ദൈവത്തെക്കൊണ്ട് നാം സംരചിക്കപ്പെടേണ്ടതിന് നാം ദൈവത്തെ കാണുന്നു; ദൈവത്തെ കാണുന്നത് നമ്മെ രൂപാന്തരപ്പെടുത്തുന്നു; ദൈവത്തെ കാണുന്നത് നാം ദൈവത്വത്തിലല്ല, ജീവനിലും സ്വഭാവത്തിയിലും ദൈവമായിത്തീരേണ്ടതിന് ദൈവത്തെ നേടുന്നതിന് തുല്യമാണ്—2 കൊരി. 3:16, 18; മത്താ. 5:8; വെളി. 22:4.

2 കൊരി. 3:16 എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

മത്താ. 5:8 ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും.

വെളി. 22:4 അവർ അവന്റെ മുഖം കാണും, അവന്റെ നാമം അവരുടെ നെറ്റിമേൽ ഉണ്ടായിരിക്കും.

F. നാം ദൈവത്തെ എത്രത്തോളം കാണുകയും ദൈവത്തെ സ്നേഹിക്കുകയും ചെയ്യുന്നുവോ അത്രത്തോളം നാം നമ്മെത്തന്നെ ത്യജിക്കുകയും നമ്മെത്തന്നെ വെറുക്കുകയും ചെയ്യുന്നു—ഇയ്യോ. 42:5-6; യെശ. 6:5; ലൂക്കൊ. 14:26.

ഇയ്യോ. 42:5 ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു; ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു.

ഇയ്യോ. 42:6 ആകയാൽ ഞാൻ എന്നെത്തന്നേ വെറുത്തു പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു.

യെശ. 6:5 അപ്പോൾ ഞാൻ: എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു.

ലൂക്കൊ. 14:26 ആരെങ്കിലും എന്റെ അടുക്കൽ വരുകയും തന്റെ സ്വന്തം അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും അതിലുപരി തന്റെ സ്വന്തം ദേഹിജീവനെയും വെറുക്കുന്നില്ലെങ്കിൽ, എന്റെ ശിഷ്യൻ ആകുവാൻ അവനു കഴിയുകയില്ല.

G. നാം കർത്താവിനെ കാണുന്നുവെങ്കിൽ, ഈ ലോകത്തിലെ കാര്യങ്ങളും വസ്തുക്കളും ചവറാണെന്ന് നാം കാണും—ഫിലി. 3:7-8; പ്ര.നി. യിരെ. 15:19.

| | |
|---|---|
| ഫിലി. 3:7 | എങ്കിലും എനിക്ക് ലാഭമായിരുന്ന കാര്യങ്ങളെ ക്രിസ്തു നിമിത്തം ഞാൻ നഷ്ടമെന്ന് എണ്ണിയിരിക്കുന്നു. |
| ഫിലി. 3:8 | അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും, |
| യിരെ. 15:19 | അതുകൊണ്ടു യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നീ മടങ്ങിവന്നാൽ ഞാൻ നിന്നെ എന്റെ മുമ്പാകെ നില്പാൻ തക്കവണ്ണം വീണ്ടും കൈക്കൊള്ളും; നീ അധമമായതു ഒഴിച്ചു ഉത്തമമായതു പ്രസ്താവിച്ചാൽ നീ എന്റെ വായ്പോലെ ആകും; അവർ നിന്റെ പക്ഷം തിരിയും നീ അവരുടെ പക്ഷം തിരികയില്ല. |

H. ആത്മിക പുരോഗതി എന്നത് നമ്മിൽ ദൈവത്തിന്റെ മൂലകത്തിന്റെ വർദ്ധനവും ദൈവത്തിന്റെ സ്ഥാനം അപഹരിക്കുന്ന നമ്മുടെ ഉള്ളിലെ കാര്യങ്ങൾ കുറയുന്നതുമാണ്—1 തിമൊ. 4:15; കൊലൊ. 2:19.

| | |
|---|---|
| 1 തിമൊ. 4:15 | ഇവയെ അഭ്യസിക്കുക; നിന്റെ പുരോഗതി എല്ലാവർക്കും വെളിവാകേണ്ടതിന് അവയിൽ ആയിരിക്കുക. |
| കൊലൊ. 2:19 | തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്. |

I. നമ്മെ കൈവശപ്പെടുത്തുന്ന ഒരു കാര്യമോ, ഒരു സംഭവമോ, ഒരു വ്യക്തിയോ ഉള്ളിടത്തോളം, നമ്മുടെ ഹൃദയത്തിൽ ദൈവത്തിന്റെ സ്ഥാനത്തെ അപഹരിക്കുന്ന ഒന്നുണ്ട്; നമ്മുടെ ഉള്ളിൽ നാം കർത്താവിനേക്കാൾ കൂടുതൽ സ്നേഹിക്കുന്നതോ നമ്മുടെ ജീവിതത്തിൽ കർത്താവിന് പകരംവയ്ക്കുന്നതോ ആയ ഒന്നാണ് ഒരു വിഗ്രഹം—സദൃ. 4:23; യെഹെ. 14:3.

| | |
|---|---|
| സദൃ. 4:23 | സകലജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നതു. |
| യെഹെ. 14:3 | മനുഷ്യപുത്രാ, ഈ പുരുഷന്മാർ തങ്ങളുടെ വിഗ്രഹങ്ങളെ ഹൃദയത്തിൽ സ്മരിച്ചു തങ്ങളുടെ അകൃത്യഹേതു തങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു; അവർ ചോദിച്ചാൽ ഞാൻ ഉത്തരമരുളുമോ? |

J. നാം ശുദ്ധരായിരിക്കണം; നമ്മുടെ ഹൃദയം ദൈവമല്ലാത്ത മറ്റൊന്നിനാലും സ്വായത്തമാക്കപ്പെടരുത്—മത്താ. 13:19-23.

| | |
|---|---|
| മത്താ. 13:19 | ആരെങ്കിലും രാജ്യത്തിന്റെ വചനം കേൾക്കുകയും മനസ്സിലാക്കാതെയും ഇരിക്കുമ്പോൾ, ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതച്ചത് തട്ടിയെടുത്തു കൊണ്ടു പോകുന്നു. ഇതാകുന്നു വഴിയരികെ വിതയ്ക്കപ്പെട്ടത്. |

മത്താ. 13:20 പാറകളിന്മേൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടുകൂടി അതിനെ കൈക്കൊള്ളുന്നവൻ ആകുന്നു.

മത്താ. 13:21 എങ്കിലും അവനു തന്നിൽത്തന്നെ വേരില്ല, ക്ഷണനേരം മാത്രം നിൽക്കുന്നു, വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവൻ ഇടറിപ്പോകുന്നു.

മത്താ. 13:22 മുള്ളുകളിൽ വിതയ്ക്കപ്പെട്ടതോ, ഇത് വചനം കേൾക്കുന്നവൻ ആകുന്നു, യുഗത്തിന്റെ വ്യാകുലതയും ധനത്തിന്റെ വഞ്ചനയും വചനത്തെ നിശ്ശേഷം ഞെരുക്കിക്കളഞ്ഞ്, അതു നിഷ്ഫലമായിത്തീരുന്നു.

മത്താ. 13:23 എന്നാൽ നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ, ഇത് വചനത്തെ കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നവൻ ആകുന്നു, അവൻ എല്ലാ വിധത്തിലും ഫലം കായ്ച്ച്, ഒന്ന് നൂറു മടങ്ങായും, ഒന്ന് അറുപതു മടങ്ങായും, ഒന്ന് മുപ്പതു മടങ്ങായും ഫലം പുറപ്പെടുവിക്കുന്നു.

K. നമ്മുടെ ആത്മിക പുരോഗതി നമ്മുടെ ഹൃദയം ദൈവത്തിലേക്ക് തിരിഞ്ഞിരിക്കുന്ന അളവിനെ ആശ്രയിച്ചിരിക്കുന്നു—4:17; 2 കൊരി. 3:16; പ്ര.നി. 2 രാജാ. 23:25.

മത്താ. 4:17 ആ സമയം മുതൽ യേശു, മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രഖ്യാപിക്കുവാനും പറയുവാനും തുടങ്ങി.

2 കൊരി. 3:16 എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.

2 രാജാ. 23:25 അവനെപ്പോലെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ മോശെയുടെ ന്യായപ്രമാണ പ്രകാരമൊക്കെയും യഹോവയിങ്കലേക്കു തിരിഞ്ഞ ഒരു രാജാവു മുമ്പുണ്ടായിട്ടില്ല, പിമ്പു ഒരുത്തൻ എഴുന്നേറ്റിട്ടുമില്ല.

L. ഒരു വ്യക്തി ദൈവവചനത്തിലായിരിക്കുന്തോറും അവൻ ശുദ്ധിയുള്ളവനായിത്തീരുന്നു—സങ്കീ. 12:6; 119:140; യോഹ. 17:17.

സങ്കീ. 12:6 യഹോവയുടെ വചനങ്ങൾ നിർമ്മല വചനങ്ങൾ ആകുന്നു; നിലത്തു ഉലയിൽ ഉരുക്കി ഏഴുപ്രാവശ്യം ശുദ്ധിചെയ്ത വെള്ളിപോലെ തന്നേ.

സങ്കീ. 119:140 നിന്റെ വചനം അതിവിശുദ്ധമാകുന്നു; അതുകൊണ്ടു അടിയന്നു അതു പ്രിയമാകുന്നു.

യോഹ. 17:17 സത്യത്തിൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു.

## III. വിശാലമാക്കപ്പെട്ട ഒരു ഹൃദയം ഉണ്ടായിരിക്കുവാൻ നാം ആഗ്രഹിക്കണം—സങ്കീ. 119:32:

സങ്കീ. 119:32 നീ എന്റെ ഹൃദയത്തെ വിശാലമാക്കുമ്പോൾ ഞാൻ നിന്റെ കല്പനകളുടെ വഴിയിൽ ഓടും.

A. ശലമോന് ജ്ഞാനവും വിശാലഹൃദയവും ഉണ്ടായിരുന്നതുകൊണ്ട് ദൈവജനത്തിന് മേൽനോട്ടം വഹിക്കുവാൻ അവൻ സമർത്ഥനായിരുന്നു, അവ ഒരേ കാര്യത്തിന്റെ രണ്ടു വശങ്ങളാണ്:

1. ദൈവജനത്തിനിടയിൽ പുറത്തുപോകുവാനും അകത്തുവരാനും ജ്ഞാനവും വിവേകവും മാത്രമാണ് അവൻ ആവശ്യപ്പെട്ടതെങ്കിലും (1 രാജാ. 3:5-9; 2 ദിന. 1:10), ദൈവം അവന് "കടൽക്കരയിലെ മണൽ പോലെ ഹൃദയവിശാലത" നൽകി (1 രാജാ. 4:29).

| | |
|---|---|
| 1 രാജാ. 3:5 | ഗിബെയോനിൽവെച്ചു യഹോവ രാത്രിയിൽ ശലോമോന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി; നിനക്കു വേണ്ടുന്ന വരം ചോദിച്ചുകൊൾക എന്നു ദൈവം അരുളിച്ചെയ്തു. |
| 1 രാജാ. 3:6 | അതിന്നു ശലോമോൻ പറഞ്ഞതു എന്തെന്നാൽ: എന്റെ അപ്പനായ ദാവീദ് എന്ന നിന്റെ ദാസൻ സത്യത്തോടും നീതിയോടും ഹൃദയപരമാർത്ഥതയോടുംകൂടെ നിന്റെ മുമ്പാകെ നടന്നതിന്നു ഒത്തവണ്ണം നീ അവന്നു വലിയ കൃപ ചെയ്തു ഈ വലിയ കൃപ അവന്നായി പാലിക്കയും ഇന്നുള്ളതുപോലെ അവന്റെ സിംഹാസനത്തിൽ ഇരിപ്പാൻ അവന്നു ഒരു മകനെ നല്കുകയും ചെയ്തിരിക്കുന്നു. |
| 1 രാജാ. 3:7 | എന്റെ ദൈവമായ യഹോവേ, നീ അടിയനെ ഇപ്പോൾ എന്റെ അപ്പനായ ദാവീദിന്നു പകരം രാജാവാക്കിയിരിക്കുന്നു. ഞാനോ ഒരു ബാലനത്രേ; കാര്യാദികൾ നടത്തുവാൻ എനിക്കു അറിവില്ല. |
| 1 രാജാ. 3:8 | നീ തിരഞ്ഞെടുത്തതും പെരുപ്പംനിമിത്തം എണ്ണവും കണക്കും ഇല്ലാത്തതുമായി വലിയോരു മഹാജാതിയായ നിന്റെ ജനത്തിന്റെ മദ്ധ്യേ അടിയൻ ഇരിക്കുന്നു. |
| 1 രാജാ. 3:9 | ആകയാൽ ഗുണവും ദോഷവും തിരിച്ചറിഞ്ഞു നിന്റെ ജനത്തിന്നു ന്യായപാലനം ചെയ്‌വാൻ വിവേകമുള്ളോരു ഹൃദയം എനിക്കു തരേണമേ; അതുകൂടാതെ നിന്റെ ഈ വലിയ ജനത്തിന്നു ന്യായപാലനം ചെയ്‌വാൻ ആർക്കു കഴിയും. |
| 2 ദിന. 1:10 | ആകയാൽ ഈ ജനത്തിന്നു നായകനായിരിക്കേണ്ടതിന്നു എനിക്കു ജ്ഞാനവും വിവേകവും തരേണമേ; അല്ലാതെ നിന്റെ ഈ വലിയ ജനത്തിന്നു ന്യായപാലനം ചെയ്‌വാൻ ആർക്കു കഴിയും? |
| 1 രാജാ. 4:29 | ദൈവം ശലോമോന്നു ഏറ്റവും വളരെ ജ്ഞാനവും ബുദ്ധിയും കടൽക്കരയിലെ മണൽപോലെ ഹൃദയവിശാലതയും കൊടുത്തു. |

2. കടൽത്തീരം കടലിനെ വലയം ചെയ്യുന്നു, ദൈവം "കടലിന് അതിരായി മണൽ നിശ്ചയിച്ചു" (യിരെ. 5:22); ഇത് കാണിക്കുന്നത് ശലോമോന്റെ ഹൃദയം കടലിനെക്കാൾ വലുതായിരുന്നു എന്നാണ്.

| | |
|---|---|
| യിരെ. 5:22 | നിങ്ങൾ എന്നെ ഭയപ്പെടുകയില്ലയോ? എന്റെ സന്നിധിയിൽ വിറെക്കയില്ലയോ എന്നു യഹോവയുടെ അരുളപ്പാടു; ഞാൻ കടലിന്നു കവിഞ്ഞുകൂടാതവണ്ണം നിത്യപ്രമാണമായി മണൽ അതിരാക്കി വെച്ചിരിക്കുന്നു; തിരകൾ അലെച്ചാലും സാധിക്കയില്ല; എത്രതന്നേ |

ഇരച്ചാലും അതിൽ കടക്കയില്ല.

B. ഫലപ്രദമായ ജീവനെ ശുശ്രൂഷിക്കുന്നതിന്റെ ഹൃദ്യമായ വിചാരത്താൽ വിശാലമായ ഒരു ഹൃദയം ഉണ്ടായിട്ട് നാം പുതിയ ഉടമ്പടിയുടെ യഥാർഥ ശുശ്രൂഷകന്മാരായിരിക്കണം—2 കൊരി.7:2-3:

2 കൊരി. 7:2 ഞങ്ങൾക്ക് ഇടം നൽകുവിൻ; ഞങ്ങൾ ആരോടും അന്യായം ചെയ്തിട്ടില്ല, ഞങ്ങൾ ആരെയും ദുഷിപ്പിച്ചിട്ടില്ല, ഞങ്ങൾ ആരെയും മുതലെടുത്തിട്ടില്ല.

2 കൊരി. 7:3 കുറ്റം വിധിക്കുവാനല്ല ഞാൻ ഇത് നിങ്ങളോട് പറയുന്നത്, ഒന്നിച്ചു മരിക്കുവാനും ഒന്നിച്ചു ജീവിക്കുവാനും നിങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളിൽ ഉണ്ടെന്ന് മുമ്പേ ഞാൻ പറഞ്ഞിട്ടുണ്ടല്ലോ.

1. വിശാലമായ ഹൃദയത്തോടെ എല്ലാ വിശ്വാസികളെയും അവരുടെ അവസ്ഥ പരിഗണിക്കാതെ ആശ്ലേഷിക്കുവാനും, തുറന്ന വായോടുകൂടെ എല്ലാ വിശ്വാസികളോടും അവർ തെറ്റിപ്പോയിരിക്കുന്ന യഥാർഥ സാഹചര്യത്തെ സംബന്ധിച്ച് തുറന്നു സംസാസാരിക്കുവാനും അപ്പൊസ്തലന്മാർ പ്രാപ്തന്മാരായിരുന്നു—6:11.

   2 കൊരി. 6:11 കൊരിന്ത്യരേ, ഞങ്ങളുടെ വായ് നിങ്ങൾക്ക് തുറന്നിരിക്കുന്നു; ഞങ്ങളുടെ ഹൃദയം വിശാലമായിരിക്കുന്നു.

2. വഴിതെറ്റിപോയവരോ വ്യതിചലിക്കപ്പെട്ടവരോ ആയ വിശ്വാസികളെ ദൈവത്തോട് നിരപ്പിക്കുവാൻ ദൈവത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ, ഇത്തരത്തിലുള്ള തുറന്ന മനസ്സും വിശാലതയും ആവശ്യമാണ്.

**IV. നമ്മുടെ ഹൃദയത്തിന്റെയും നമ്മുടെ ആത്മാവിന്റെയും പുതുമ നിലനിർത്തുന്നതിന്, പുതിയ യെരൂശലേം എന്നപോലെ പുതിയതായിത്തീരുവാൻ പുനരുത്ഥാന ജീവന്റെ പുതുമയോടെ നാം ദിനംപ്രതി പുതുക്കപ്പെടേണ്ടതുണ്ട്—4:16-18:**

2 കൊരി. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

2 കൊരി. 4:17 ഞങ്ങളുടെ ക്ഷണികമായ ലഘു ക്ലേശം ഞങ്ങൾക്കുവേണ്ടി, അതിയായി കവിയുന്ന, നിത്യമായ ഘന തേജസ്സ് പുറപ്പെടുവിക്കുന്നു,

2 കൊരി. 4:18 എന്തുകൊണ്ടെന്നാൽ ഞങ്ങൾ കാണുന്നവയെ അല്ല കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു.

A. പുതുമ ദൈവമാണ്; വിശ്വാസികളെല്ലാം ജീവന്റെ പുതുക്കത്തിൽ (റോമ. 6:4) നടന്നുകൊണ്ട് പുതിയ യെരൂശലേമായിത്തീരുകയും ആത്മാവിന്റെ പുതുക്കത്തിൽ (7:6) സേവിച്ചുകൊണ്ട് പുതിയ യെരൂശലേം പണിയുകയും ചെയ്യുന്നതിനാൽ അവർ പുതിയ യെരൂശലേം എന്നപോലെ പുയതായിത്തീരുവാൻ പുതുക്കപ്പെടണം.

| | |
|---|---|
| റോമ. 6:4 | അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. |
| റോമ. 7:6 | എന്നാൽ നാം എന്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരുന്നുവോ, അതിനു മരിച്ചിട്ട്, ഇപ്പോൾ നാം അക്ഷരത്തിന്റെ പഴക്കത്തിൽ അല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുവാൻ തക്കവണ്ണം, ന്യായപ്രമാണത്തിൽനിന്ന് മുക്തരായിരിക്കുന്നു. |

B. നാം കഷ്ടങ്ങളുടെ നടുവിൽ ആയിരിക്കുമ്പോഴും നാം പുതുക്കൽ സ്വീകരിക്കേണ്ടതാവശ്യമാണ്; അല്ലാത്തപക്ഷം, നാം കടന്നുപോകുന്ന കഷ്ടങ്ങൾ നമുക്ക് അപ്രസക്തമായിരിക്കും; നമ്മുടെ ഉള്ളിൽ ഒരു സങ്കേതമുണ്ട്—നമ്മുടെ ആത്മാവ്—സങ്കീ. 91:2.

| | |
|---|---|
| സങ്കീ. 91:1 | അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കയും ചെയ്യുന്നവൻ. |

C. ദിനംപ്രതി പുതുക്കപ്പെടണമെങ്കിൽ, നാം എല്ലാ പ്രഭാതത്തിലും ഉണർവു പ്രാപിക്കണം—മത്താ. 13:43; ലൂക്കൊ. 1:78-79; സദൃ. 4:18; ന്യായാ. 5:31; 2 കൊരി. 4:16.

| | |
|---|---|
| മത്താ. 13:43 | അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ. |
| ലൂക്കൊ. 1:78 | നമ്മുടെ ദൈവത്തിന്റെ കരുണാമയമായ മനസ്സലിവുകളാൽ, ഉയരത്തിൽനിന്ന് ഉദയ സൂര്യൻ നമ്മെ സന്ദർശിക്കും, |
| ലൂക്കൊ. 1:79 | അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവരുടെമേൽ പ്രകാശിക്കുവാനും, സമാധാനത്തിന്റെ വഴിയിലേക്ക് നമ്മുടെ കാലുകളെ വഴികാട്ടുവാനും തന്നെ. |
| സദൃ. 4:18 | നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചംപോലെ; അതു നട്ടുച്ചവരെ അധികമധികം ശോഭിച്ചു വരുന്നു. |
| ന്യായാ. 5:31 | യഹോവേ, നിന്റെ ശത്രുക്കൾ ഒക്കെയും ഇവ്വണ്ണം നശിക്കട്ടെ. അവനെ സ്നേഹിക്കുന്നവരോ സൂര്യൻ പ്രതാപത്തോടെ ഉദിക്കുന്നതുപോലെ തന്നേ. പിന്നെ ദേശത്തിന്നു നാല്പതു സംവത്സരം സ്വസ്ഥത ഉണ്ടായി. |
| 2 കൊരി. 4:16 | അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു. |

D. നാം കർത്താവിന്റെ മേശയിലേക്ക് പുതുമയോടെ വരേണ്ടതുണ്ട് (മത്താ. 26:29); "എന്നോടു ക്ഷമിക്കണം; എനിക്ക് മാപ്പുതരണം" എന്നു പറയുവാൻ പഠിക്കുന്നതിലൂടെ നമുക്ക് പുതുക്കപ്പെടുവാൻ കഴിയും.

| | |
|---|---|
| മത്താ. 26:29 | എന്നാൽ ഇപ്പോൾ മുതൽ, എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ അതിനെ പുതുതായി കുടിക്കുന്ന ആ നാൾ വരെയും, മുന്തിരിവള്ളിയുടെ ഈ ഫലത്തിൽനിന്ന് ഞാൻ ഒരുവിധത്തിലും കുടിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. |

E. നാല് കാര്യങ്ങളിലൂടെ നാം ദിനംപ്രതി പുതുക്കപ്പെടുന്നു: ക്രൂശിലൂടെയും (2 കൊരി. 4:10-12, 16-18); ദിവ്യജീവനെക്കൊണ്ട് നമ്മെ പുനഃസജ്ജമാക്കുകയും പുനർനിർമിക്കുകയും, പുനഃരൂപീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിലൂടെയും (തീത്തൊ. 3:6); നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിലൂടെയും (എഫെ. 4:23); ദൈവത്തിന്റെ വിശുദ്ധ വചനത്തിലൂടെയും (5:26).

| | |
|---|---|
| 2 കൊരി. 4:10 | യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിവാകേണ്ടതിന് യേശുവിന്റെ മരിപ്പിക്കൽ എപ്പോഴും ശരീരത്തിൽ വഹിച്ചുകൊണ്ട് നടക്കുന്നു. |
| 2 കൊരി. 4:11 | യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്യജഡത്തിൽ വെളിവാകേണ്ടതിന്, ജീവിച്ചിരിക്കുന്നവരായ ഞങ്ങൾ യേശു നിമിത്തം എപ്പോഴും മരണത്തിന് ഏൽപ്പിക്കപ്പെടുന്നു. |
| 2 കൊരി. 4:12 | ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും. |
| 2 കൊരി. 4:16 | അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു. |
| 2 കൊരി. 4:17 | ഞങ്ങളുടെ ക്ഷണികമായ ലഘു ക്ലേശം ഞങ്ങൾക്കുവേണ്ടി, അതിയായി കവിയുന്ന, നിത്യമായ ഘന തേജസ്സ് പുറപ്പെടുവിക്കുന്നു, |
| 2 കൊരി. 4:18 | എന്തുകൊണ്ടെന്നാൽ ഞങ്ങൾ കാണുന്നവയെ അല്ല കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു. |
| തീത്തൊ. 3:5 | നാം ചെയ്ത, നീതിപ്രവൃത്തികളാൽ അല്ല, അവന്റെ കരുണപ്രകാരം പുനർജനന കഴുകലിലൂടെയും, നമ്മുടെ രക്ഷകനായ യേശു ക്രിസ്തു മുഖാന്തരം സമ്പന്നമായി നമ്മുടെ മേൽ അവൻ ഒഴിച്ച, |
| എഫെ. 4:23 | നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും, |
| എഫെ. 5:26 | അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും, |

F. നമ്മുടെ മനസ്സിനെ കീഴടക്കുന്നതിനും, ഏറ്റെടുക്കുന്നതിനും, സ്വായത്തമാക്കുന്നതിനും, അങ്ങനെ നമ്മുടെ മനസ്സിന്റെ ആത്മാവായിത്തീരുന്നതിന് നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവ് നമ്മുടെ മനസ്സിലേക്ക് വ്യാപിക്കേണ്ടതുണ്ട്; ഇഴുകിച്ചേർന്ന ആത്മാവ് നമ്മുടെ മനസ്സിനെ എത്രത്തോളം തുളച്ചുകയറുകയും, സാന്ദ്രീകരിക്കുകയും, സ്വായത്തമാക്കുകയും ചെയ്യുന്നുവോ അത്രയധികം നാം ക്രിസ്തുവിന്റെ മനസ്സിനെ നമ്മുടെ മനസ്സായിത്തീരുവാൻ അനുവദിക്കുന്നു—ഫിലി. 2:5; എഫെ. 4:23; 1 കൊരി. 2:16; റോമ. 12:2.

| | |
|---|---|
| ഫിലി. 2:5 | ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ, |
| എഫെ. 4:23 | നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും, |
| 1 കൊരി. 2:16 | ആർ കർത്താവിന്റെ മനസ്സറിഞ്ഞ് അവനെ നിർദേശിക്കും? എന്നാൽ നമുക്ക് ക്രിസ്തുവിന്റെ മനസ്സുണ്ട്. |

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

G. മനസ്സിന്റെ മായയ്ക്കനുസരിച്ചല്ല, മനസ്സിന്റെ ആത്മാവിനനുസരിച്ചാണ് നാം ജീവിക്കേണ്ടത്; ഇതാണ് സംഘാത ഏക പുതുമനുഷ്യന്റെ ദൈനംദിന ജീവിതത്തിനുള്ള താക്കോൽ, ദൈവത്തിന്റെ സ്വഭാവത്താലും, ക്രിസ്തുവിന്റെ സൗരഭ്യത്താലും, ആത്മാവിന്റെ ഒരുമയാലും നിറഞ്ഞ ഒരു സഭാജീവിതം ഉണ്ടായിരിക്കുന്നതിനുള്ള രഹസ്യം—എഫെ. 4:3-4, 17-18, 23.

എഫെ. 4:3 ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ:

എഫെ. 4:4 ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ;

എഫെ. 4:17 അതുകൊണ്ട് കർത്താവിൽ ഞാൻ പറയുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നത്, ജാതികൾ തങ്ങളുടെ മനസ്സിന്റെ വ്യർഥതയിൽ നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്.

എഫെ. 4:18 അവർ തങ്ങളുടെ അറിവിൽ ഇരുണ്ടുപോയിട്ട്, തങ്ങളിലുള്ള അജ്ഞത നിമിത്തം, തങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തം തന്നെ, ദൈവജീവനിൽ നിന്ന് അകന്നിരിക്കുന്നു;

എഫെ. 4:23 നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും,

H. നാം കർത്താവിനെ സ്നേഹിക്കുന്നതും ദിനംപ്രതി പ്രാർഥനയിലും വചനം വായിക്കുന്നതിലും നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നതും നമ്മുടെ മനസ്സിനെ മാറ്റുകയും പുതുക്കുകയും ചെയ്യുന്നു; ഇത് മനുഷ്യജീവിതത്തിലെ കാര്യങ്ങളെ സംബന്ധിച്ച എല്ലാ പഴയ ധാരണകളിൽനിന്നും സ്വതന്ത്രരാകുന്നതും, വിശുദ്ധ തിരുവെഴുത്തുകളുടെ ഉപദേശത്താലും പരിശുദ്ധാത്മാവിന്റെ പ്രകാശനത്താലും വീണ്ടും പുതുതാക്കപ്പെടുന്നതുമാണ്—സങ്കീ. 119:105, 130; 2 തിമൊ. 3:15-17; ആവ. 17:18-20.

സങ്കീ. 119:105 നൂൻ. നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു.

സങ്കീ. 119:130 നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു; അതു അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു.

2 തിമൊ. 3:15 ശൈശവം മുതൽ നീ പവിത്രമായ എഴുത്തുകൾ അറിഞ്ഞിരിക്കുന്നു, അവ നിന്നെ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലൂടെ രക്ഷയിങ്കലേക്ക് ജ്ഞാനമുള്ളവനാക്കുവാൻ പ്രാപ്തമാകുന്നു.

2 തിമൊ. 3:16 എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന്,

2 തിമൊ. 3:17 ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും

പ്രയോജനമുള്ളതാകുന്നു.

ആവ. 17:18 അവൻ തന്റെ രാജാസനത്തിൽ ഇരിക്കുമ്പോൾ ലേവ്യരായ പുരോഹിതന്മാരുടെ പക്കൽനിന്നു ഈ ന്യായപ്രമാണം വാങ്ങി അതിന്റെ ഒരു പകർപ്പു ഒരു പുസ്തകത്തിൽ എഴുതി എടുക്കേണം.

ആവ. 17:19 ഈ ന്യായപ്രമാണത്തിലെ സകലവചനങ്ങളും ചട്ടങ്ങളും അവൻ പ്രമാണിച്ചുനടന്നു തന്റെ ദൈവമായ യഹോവയെ ഭയപ്പെടുവാൻ പഠിക്കേണ്ടതിന്നു അതു അവന്റെ കൈവശം ഇരിക്കുകയും

ആവ. 17:20 അവന്റെ ഹൃദയം സഹോദരന്മാർക്കുമീതെ അഹങ്കരിച്ചുയരാതെയും അവൻ കല്പനവിട്ടു ഇടത്തോട്ടൊ വലത്തോട്ടൊ തിരിയാതെയും ഇരിക്കേണ്ടതിന്നും അവനും അവന്റെ പുത്രന്മാരും യിസ്രായേലിന്റെ ഇടയിൽ ദീർഘകാലം രാജ്യഭാരം ചെയ്യേണ്ടതിന്നുമായി അവൻ തന്റെ ആയുഷ്ക്കാലം ഒക്കെയും അതു വായിക്കയും വേണം.

**V. കർത്താവിന്റെ പ്രത്യുദ്ധാരം നമ്മുടെ പുതുക്കപ്പെട്ട, ശുദ്ധീകരിക്കപ്പെട്ട ഹൃദയത്തെയും നമ്മുടെ പുതുക്കപ്പെട്ട, ബലപ്പെടുത്തപ്പെട്ട ആത്മാവിനെയും ആശ്രയിച്ചിരിക്കുന്നു; നമ്മുടെ ഹൃദയം ക്രിസ്തുവിനാൽ പൂർണമായി സ്വായത്തമാക്കപ്പെടുകയും നമ്മുടെ ആത്മാവ് കർത്താവിനെ സ്പർശിക്കുവാൻ പതിവായി വ്യായാമം ചെയ്യുകയും ചെയ്യുമ്പോൾ, ദൈവത്തിന് ഒരു വഴി ഉണ്ടായിരിക്കുകയും, പ്രത്യുദ്ധാരം പ്രബലമായിരിക്കുകയും ചെയ്യും:**

A. ഇത് പുതിയ യെരൂശലേമിൽ പരണതി പ്രാപിക്കുന്നതിന് വിശ്വാസികളെ പുതിയ സൃഷ്ടിയായ പുതുമനുഷ്യനാക്കുന്നതിലുള്ള ദൈവോദ്ദേശ്യം പൂർത്തീകരിക്കുന്നു; നാം പുതുക്കപ്പെടുന്നതിന്റെ ഫലമായി നാം ഒരു പുതിയ സൃഷ്ടിയാക്കപ്പെടുന്നു, അത് ക്രിസ്തുവിലുള്ള പുതുനുഷ്യനാണ്—കൊലൊ. 3:10-11; 2 കൊരി. 5:17; ഗലാ. 6:15-17; എഫെ. 2:10, 15.

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

2 കൊരി. 5:17 അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു.

ഗലാ. 6:15 പരിച്ഛേദനയും അഗ്രചർമവും ഏതുമല്ല, പുതിയ സൃഷ്ടിയത്രേ കാര്യം.

ഗലാ. 6:16 ഈ തത്ത്വപ്രകാരം നടക്കുന്നവർക്കൊക്കെയും, ദൈവത്തിന്റെ യിസ്രായേലിന്മേൽ തന്നെ, സമാധാനവും കരുണയും ഉണ്ടാകട്ടെ.

ഗലാ. 6:17 ഇനി ആരും എന്നെ അസഹ്യപ്പെടുത്താതിരിക്കട്ടെ, ഞാൻ എന്റെ ശരീരത്തിൽ യേശുവിന്റെ ചൂടടയാളങ്ങൾ

വഹിക്കുന്നുവല്ലോ.

എഫെ. 2:10 എന്തെന്നാൽ നാം സൽപ്രവൃത്തികൾക്കായി ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ട അവന്റെ ഉൽകൃഷ്ടസൃഷ്ടി ആകുന്നു, നാം അവയിൽ നടക്കേണ്ടതിന് ദൈവം അവയെ മുൻകൂട്ടി ഒരുക്കിയിരിക്കുന്നു.

എഫെ. 2:15 വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി,

B. ഏക പുതുമനുഷ്യൻ ഉണ്ടായിരിക്കുക എന്നതാണ് ദൈവത്തിന്റെ ലക്ഷ്യം, അത് ആത്യന്തികമായി ഏക പുതുമനുഷ്യന്റെ അന്തിമ പരിണതിയായ പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കും.

**ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:**

**ജീവവൃക്ഷത്തെ അനുഭവമാക്കുവാൻ**

**ആത്മാവിൽ ദരിദ്രരും ഹൃദയശുദ്ധിയുള്ളവരുംആയിരിക്കുന്നതിന്റെ ആവശ്യം**

തിരുവെഴുത്ത് വായന: യെഹെ. 36:26-27; മത്താ. 5:3, 8; എബ്രാ. 4:12; റോമ. 1:9; 7:6; 1 പത്രൊ. 3:4; മർക്കൊ. 12:30; 4:14-20; 2 കൊരി. 3:16-18; യിരെ. 31:33; എബ്രാ. 8:10;

സങ്കീ. 51:6; എബ്രാ. 10:22

**ഹൃദയവും ആത്മാവും**

ജീവവൃക്ഷം അനുഭവിക്കുന്നതിനായി നമ്മുടെ ഹൃദയത്തോടുംനമ്മുടെ ആത്മാവിനോടും എങ്ങനെ ഇടപെടണമെന്ന് കാണുവാൻ നാം ആഗ്രഹിക്കുന്നു. പഴയനിയമത്തിലും പുതിയനിയമത്തിലും ഹൃദയത്തെയും ആത്മാവിനെയും നിരവധി പ്രാവശ്യം പരാമർശിച്ചിട്ടുണ്ട്. ഹൃദയത്തിന്റെ സ്ഥാനത്തെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും ഹൃദയത്തിനും ആത്മാവിനും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചും നാം വ്യക്തത ഉള്ളവരായിരിക്കണം. ഹൃദയവും ആത്മാവും തമ്മലുള്ള വ്യത്യാസം കാണുവാൻ നാം നിർമലമായ വചനത്തിലേക്ക് മടങ്ങിവരേണ്ടതാവശ്യമാണ്.

ഹൃദയം ആത്മാവിൽനിന്ന് വ്യത്യസ്തമാണെന്ന് യെഹെസ്കേൽ 36:26-27 നമ്മെ കാണിക്കുന്നു. *ഹൃദയവും ആത്മാവും* പര്യായപദങ്ങളല്ല, മറിച്ച് രണ്ട് വ്യത്യസ്ത കാര്യങ്ങളാണ്. ഈ വാക്യങ്ങൾ പറയുന്നു, "ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കും." ഇവിടെ പരാമർശിച്ചിരിക്കുന്ന പുതിയ ആത്മാവ് പരിശുദ്ധാത്മാവല്ല, കാരണം വാക്യം 27-ൽ നമ്മിലേക്ക്, നമ്മുടെ ആത്മാവിലേക്ക് വയ്ക്കപ്പെടുന്ന മറ്റൊരു ആത്മാവുണ്ട്. മനുഷ്യഹൃദയം മനുഷ്യാത്മാവിൽനിന്ന് വ്യത്യസ്തമാണ്. നമ്മുടെ മനുഷ്യ ആളത്തത്തിന്റെ ഈ രണ്ട് അവയവങ്ങളും പുതുക്കപ്പെടേണ്ടതുണ്ട്.

മത്തായി 5:3 പറയുന്നു, "ആത്മാവിൽ ദരിദ്രരായവർ അനുഗ്യഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു." ഇവിടെ പരാമർശിച്ചിരിക്കുന്ന ആത്മാവ് പരിശുദ്ധാത്മാവല്ല, നമ്മുടെ മനുഷ്യാത്മാവാണ്. ആത്മാവിൽ ദരിദ്രരായിരിക്കുക എന്നാൽ ഒരാൾക്ക് ദരിദ്രമായ ആത്മാവുണ്ടെന്ന് അർഥമാക്കുന്നില്ല. ആത്മാവിൽ ദരിദ്രരായിരിക്കുന്നത് ഏറ്റവും നല്ല ആത്മാവ് ഉണ്ടായിരിക്കുന്നതാണ്. ഇത് താഴ്മയുള്ള ഒരു ആത്മാവ് ഉണ്ടായിരിക്കുന്നതു മാത്രമല്ല, പഴയ യുഗത്തിന്റെ പഴയ കാര്യങ്ങൾ മുറുകെപ്പിടിക്കാതെ, സ്വർഗരാജ്യത്തിന്റെ പുതിയ കാര്യങ്ങൾ സ്വീകരിക്കുവാൻ ഇറക്കിവച്ചുകൊണ്ട് നമ്മുടെ ആളത്തത്തിന്റെ ആഴത്തിൽ, നമ്മുടെ ആത്മാവിൽ ശൂന്യമാക്കപ്പെടുന്നതുമാണ്. നമ്മുടെ ആത്മാവിൽ പലതും ശൂന്യമാക്കപ്പെടേണ്ടതുണ്ട്. മനുഷ്യർ തങ്ങളുടെ ആത്മാവിൽ അനേകം കാര്യങ്ങളെക്കൊണ്ട് നിറച്ചിരിക്കുന്നു. ഇപ്പോൾ നാം കർത്താവിലേക്ക് തിരിഞ്ഞിരിക്കുന്നതിനാൽ, ആത്മാവിൽ ദരിദ്രരായിരിക്കുന്നതിന് നാം നമ്മുടെ ആത്മാവിനെ ഒഴിപ്പിക്കണം. മത്തായി 5:8 പറയുന്നു, "ഹൃദയശുദ്ധിയുള്ളവർ അനുഗ്യഹീതർ, അവർ ദൈവത്തെ കാണും." ഹൃദയം മനുഷ്യാത്മാവിന്റെ പര്യായമായിരുന്നെങ്കിൽ, മത്തായി 5-ൽ കർത്താവ് ഈ രണ്ട് വ്യത്യസ്ത അനുഗ്രഹങ്ങൾ നൽകേണ്ട ആവശ്യമില്ലായിരുന്നു. നമ്മുടെ ഹൃദയം ശുദ്ധമായിരിക്കുകയും, നമ്മുടെ ആത്മാവ് ഒഴിഞ്ഞതായിരിക്കുകയും വേണമായിരുന്നു. മത്തായി 5-ൽ കർത്താവ് സംസാരിച്ച ഒമ്പത് അനുഗ്രഹങ്ങൾക്കുള്ള രണ്ട് പ്രധാന വ്യവസ്ഥകൾ ഒരു ശുദ്ധമായ ഹൃദയവും ഒരു ഒഴിഞ്ഞ ആത്മാവുമാണ്.

എബ്രായർ 4:12 പറയുന്നു, "എന്തെന്നാൽ ദൈവവചനം ജീവനുള്ളതും വ്യാപരിക്കുന്നതും ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജയെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതുമാകുന്നു." സന്ധികളും മജ്ജയും പോലെ ദേഹിയും ആത്മാവും രണ്ട് വ്യത്യസ്ത അസ്തിത്വങ്ങളാണ്. ഹൃദയവും മറ്റൊരു ഇനമാണ്. ഹൃദയത്തിലാണ് ചിന്തകളും ഉദ്ദേശ്യങ്ങളുമുള്ളത്. ഹൃദയത്തിനും ആത്മാവിനും ഇടയിൽ ഒരു വേർതിരിവുണ്ടെന്ന് വീണ്ടും നാം കാണുന്നു. ദൈവവുമായി ബന്ധപ്പെടാനുള്ള അവയവമാണ് നമ്മുടെ ആത്മാവ് (യോഹ. 4:24), ദൈവത്തെ സ്നേഹിക്കാനുള്ള അവയവമാണ് നമ്മുടെ ഹൃദയം (മർക്കൊ. 12:30). നമ്മുടെ ആത്മാവ് ദൈവത്തെ ബന്ധപ്പെടുകയും, സ്വീകരിക്കുകയും, ഉൾക്കൊള്ളുകയും, അനുഭവമാക്കുകയും ചെയ്യുന്നു. എങ്കിലും, നമ്മുടെ ഹൃദയം ആദ്യം ദൈവത്തെ സ്നേഹിക്കേണ്ടതുണ്ട്. നമ്മുടെ ഹൃദയത്തിൽ ചിന്തകളോടുകൂടിയ മനസ്സും ഉദ്ദേശ്യങ്ങളോടുകൂടിയ ഹിതവും ഉണ്ട്.

റോമർ 1:10 പറയുന്നു, "തന്റെ പുത്രന്റെ സുവിശേഷത്തിൽ ഞാൻ എന്റെ ആത്മാവിൽ സേവിക്കുന്ന ദൈവം എനിക്കു സാക്ഷി." "ആത്മാവിന്റെ പുതുക്കത്തിൽ" നാം അടിമകളായി സേവിക്കണമെന്ന് റോമർ 7:6 നമ്മോട് പറയുന്നു. കർത്താവിനെ സേവിക്കുക എന്നത് ആത്മാവിലുള്ള ഒന്നാണ്. കർത്താവിനെ സ്നേഹിക്കുക എന്നത് ഹൃദയത്തിലുള്ള ഒന്നാണ്. ഹൃദയം സ്നേഹിക്കുന്നതിനാണ്, ആത്മാവ് സേവിക്കുന്നതിനാണ്. അക്ഷരത്തിന്റെ പഴക്കത്തിലല്ല, ആത്മാവിന്റെ പുതുക്കത്തിലാണ് നാം സേവിക്കേണ്ടത്.

## ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ

“സൗമ്യവും ശാന്തവുമായആത്മാവെന്ന അക്ഷയമായ അലങ്കാരത്തിൽ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യനെ”ക്കുറിച്ച് 1 പത്രൊസ് 3:4സംസാരിക്കുന്നു. അത് ദൈവദൃഷ്ടിയിൽ വിലയേറിയതാകുന്നു. നമ്മുടെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന ഒരു മനുഷ്യനുണ്ട്. ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ സൗമ്യവും ശാന്തവുമായ ആത്മാവാണ്. ഒരു മനുഷ്യൻ ഒരു വീട്ടിൽ മറഞ്ഞിരിക്കുന്നുവെങ്കിൽ, മനുഷ്യനും വീടും വ്യത്യസ്തമായ ഉണ്മകളാണെന്ന് വ്യക്തമാണ്. ആത്മാവ് ഹൃദയത്തിൽ മറഞ്ഞിരിക്കുന്നു,അത് ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യനുമാണ്. ദൈവമുമ്പാകെ ഭാര്യമാരുടെ അലങ്കാരം അവരുടെ ആന്തരിക ആളത്തമായിരിക്കണം—അവരുടെ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ, അത് സൗമ്യതയിലും ശാന്തതയിലും അവരുടെ ആത്മാവാണ്. ദ്രവത്വമുള്ള മുടി, സ്വർണ്ണം, വസ്ത്രങ്ങൾ എന്നിവയിൽനിന്ന് വ്യത്യസ്തമായി ഇത് അക്ഷയമായ അലങ്കാരമാണ് (3:3). ഈ ആത്മിക അലങ്കാരം ദൈവത്തിന്റെ ദൃഷ്ടിയിൽ വിലപ്പെട്ടതാണ്. ഒരു വ്യക്തി നല്ല വസ്ത്രം ധരിക്കുമ്പോൾഅത് പുറത്തെ മനുഷ്യന്റെ അലങ്കാരമാണ്, എന്നാൽ ഈ വ്യക്തിക്ക് അഹങ്കരിക്കുന്ന ഒരു ആത്മാവ് ഉണ്ടായിരിക്കാം. പുറമെ ഈ വ്യക്തി അലങ്കരിക്കപ്പെട്ടിരിക്കുന്നു, എന്നാൽ അകമെ ഒരു ആത്മിക അലങ്കാരവുമില്ല. തങ്ങളുടെ ബാഹ്യ അലങ്കാരത്തിന് വലിയ ശ്രദ്ധ നൽകാതെ സൗമ്യവും ശാന്തവുമായ ആത്മാവും എന്ന ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യനെ ശ്രദ്ധിക്കണമെന്ന്പത്രൊസ് സഹോദരിമാരോട് ആജ്ഞാപിച്ചു. നമ്മുടെ ആത്മാവ് സൗമ്യതയും ശാന്തതയും കൊണ്ട് അലങ്കരിക്കപ്പെട്ടിരിക്കണം.

## പൂർണ്ണഹൃദയത്തോടെ കർത്താവിനെ സ്നേഹിക്കുന്നത്

മർക്കൊസ് 12:30 പറയുന്നു, “നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തിൽനിന്നും, നിന്റെ പൂർണ ദേഹിയിൽനിന്നും, നിന്റെ പൂർണ മനസ്സിൽനിന്നും, നിന്റെ പൂർണ ശക്തിയിൽനിന്നും, നീ സ്നേഹിക്കേണം.” ഹൃദയത്തിന്റെ പ്രവർത്തനം സ്നേഹിക്കുക എന്നതാണ്. ഹൃദയം സ്നേഹിക്കുന്ന ഒരു അവയവമാണ്, നമ്മുടെ ദൈവമായ കർത്താവിനെ നമ്മുടെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുവാൻ നമ്മോട് പറഞ്ഞിരിക്കുന്നു.

## ക്രിസ്തുവിന് നമ്മിൽ വളരുവാൻ കഴിയത്തക്കവണ്ണംഹൃദയത്തോട് ഇടപെടുന്നത്

മർക്കൊസ് 4-ലെ വിതയ്ക്കുന്നവന്റെ ഉപമ മനുഷ്യ ഹൃദയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അടിമ-രക്ഷകനാൽ വിതയ്ക്കപ്പെട്ട വിത്തിനുള്ള മണ്ണാണ് മനുഷ്യ ഹൃദയം. മർക്കൊസ് 4:14 പറയുന്നു, “വിതയ്ക്കുന്നവൻ വചനം വിതയ്ക്കുന്നു.” വിതയ്ക്കുന്നവൻ ക്രിസ്തുവാണ്, വചനവും ക്രിസ്തുവാണ്. ഇതിനർത്ഥം കർത്താവായ യേശു നമ്മിലേക്ക് അവനെത്തന്നെ വിതയ്ക്കുവാൻ വന്നു എന്നാണ്. അവൻ തന്നെയാണ് വിതയ്ക്കുന്നവനും ജീവന്റെ വിത്തും. വാക്യം 15 പറയുന്നു,“വചനം വിതയ്ക്കപ്പെട്ടവഴിയരികെയുള്ളവർ ഇവരാകുന്നു, അവർ കേൾക്കുമ്പോൾ, ഉടനെ സാത്താൻ വരുകയും അവരിലേക്കു വിതയ്ക്കപ്പെട്ട വചനം എടുത്തുകൊണ്ടു പോകുകയും ചെയ്യുന്നു.” “വഴിയരികെ” വഴിയോട് ചേർന്നുള്ള സ്ഥലമാണ്. അത് വഴിയുടെ ഗതാഗതത്താൽ കഠിനമാകുന്നു, വിത്തുകൾക്ക് അതിലേക്ക് തുളച്ചുകയറാൻ പ്രയാസമാണ്. ഇത് ലൗകിക ഗതാഗതത്താൽ കഠിനമാക്കപ്പെട്ടതും, രാജ്യത്തിന്റെ വചനം മനസ്സിലാക്കുവാനും ഗ്രഹിക്കുവാനും തുറക്കാത്തതുമായ, വ്യാപൃതമായ ഒരു ഹൃദയത്തെ

സൂചിപ്പിക്കുന്നു. മണ്ണ് യാതൊന്നിനാലും വ്യാപൃതമായിരിക്കാതെയും ജീവന്റെ വിത്തിനായി പൂർണ്ണമായും തുറന്നിരിക്കുകയും വേണം, എന്നാൽ വഴിയരിക് ലൗകിക ഗതാഗതത്താൽ വളരെയധികം ചവിട്ടിമെതിക്കപ്പെട്ടിരിക്കുന്നു. വഴിയരിക് മറ്റനേകം കാര്യങ്ങളാൽ വ്യാപൃതമായിരിക്കുന്ന ഹൃദയമാണ്, അങ്ങനെ കഠിനമായിത്തീർന്നു. വഴിയരിക്വ്യാപൃതമായിരിക്കുന്ന ഒരു ഹൃദയത്തെ സൂചിപ്പിക്കുന്നു.

16-ഉം 17-ഉം വാക്യങ്ങൾ പറയുന്നു: "അതുപോലെ, പാറസ്ഥലങ്ങളിൽ വിതയ്ക്കപ്പെടുന്നവർ ഇവരാകുന്നു, അവർ വചനം കേൾക്കുമ്പോൾ ഉടനെ അത് സന്തോഷത്തോടെ സ്വീകരിക്കുന്നു. എങ്കിലും അവർക്ക് തങ്ങളിൽത്തന്നെ വേരില്ലാതെ, അല്പകാലം മാത്രം നിലനിനിൽക്കുന്നു; പിന്നീട് വചനം നിമിത്തം ക്ലേശമോ ഉപദ്രവമോ ഉണ്ടാകുമ്പോൾ, ഉടനെ അവർ ഇടറിപ്പോകുന്നു." പാറസ്ഥലങ്ങളിൽ അധികം മണ്ണില്ല. ഇത് കല്ലായ ഒരു ഹൃദയത്തെ സൂചിപ്പിക്കുന്നു. വിത്തിനുള്ള കുറച്ച് നല്ല മണ്ണുണ്ട്. എന്നാൽ ഈ മണ്ണ് വളരെ ആഴമില്ലാത്തതാണ്. ഈ മണ്ണിനടിയിൽ പാറകളാണുള്ളത്. കല്ലായ ഒരു ഹൃദയത്തിലേക്ക്ആഴത്തിൽ വേരൂന്നുവാൻ വിത്തിന് ബുദ്ധിമുട്ടാണ്. അനേകം സമയങ്ങളിൽ വചനം സ്വീകരിക്കുവാൻ നമുക്ക് ആഗ്രഹമുണ്ടായിരിക്കാം, എന്നാൽ നമ്മുടെ ഹൃദയത്തിൽ ചില പാറകൾ ഉള്ളതുകൊണ്ട് നമുക്ക് അത് ഉപരിപ്ലവമായി മാത്രമേ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. അങ്ങനെ, ജീവന്റെ വിത്തായ ക്രിസ്തുവിന് നമ്മിൽ ആഴത്തിൽ വേരൂന്നുവാൻ പ്രയാസമാണ്.

വാക്യം 18-ഉം 19-ഉം പറയുന്നു, "മറ്റു ചിലർ മുള്ളുകളിലേക്കു വിതയ്ക്കപ്പെടുന്നവരാകുന്നു; ഇവർ വചനം കേട്ടവരാകുന്നു, ഈ യുഗത്തിന്റെ ആകുലതകളും ധനത്തിന്റെ വഞ്ചനയും മറ്റു കാര്യങ്ങൾക്കുവേണ്ടിയുള്ള മോഹങ്ങളും അകത്തുകടന്ന് വചനത്തെ നിശ്ശേഷം ഞെരുക്കുകയും, അങ്ങനെ അത് നിഷ്ഫലമായിത്തീരുകയും ചെയ്യുന്നു." മറ്റു കാര്യങ്ങൾക്കായുള്ള നമ്മുടെ മോഹങ്ങൾ വചനത്തെ ഞെരുക്കിയേക്കാം. യുഗത്തിന്റെ ആകുലതകളോ ധനത്തിന്റെ വഞ്ചനയോ നിങ്ങളെ അലട്ടുന്നില്ലെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകാം, എന്നാൽ മറ്റു കാര്യങ്ങൾക്കായുള്ള മോഹങ്ങളുടെ കാര്യം എങ്ങനെയാണ്? ചിലർ ഉയർന്ന സ്ഥാനമോ ഉയർന്ന പദവിയോ ആഗ്രഹിക്കുന്നുണ്ടാകാം. യുഗത്തിന്റെ ആകുലതകളും, ധനത്തിന്റെ വഞ്ചനയും, മറ്റു കാര്യങ്ങൾക്കായുള്ള മോഹങ്ങളും വചനത്തെ ഞെരുക്കുന്നു, അത് നിഷ്ഫലമായിത്തീരുന്നു.

വാക്യം 20 പറയുന്നു, "നല്ല നിലത്തു വിതയ്ക്കപ്പെട്ടവർ ഇവരാകുന്നു: അവർ വചനംകേൾക്കുകയും അതിനെ സ്വീകരിക്കുകയും ഫലം കായ്ക്കുകയും ചെയ്യുന്നു, ഒന്ന് മുപ്പതു മടങ്ങും, ഒന്ന് അറുപതു മടങ്ങും, ഒന്ന് നൂറു മടങ്ങും." നല്ല നിലം, നല്ല ഹൃദയം, ലൗകിക ഗതാഗതത്താൽ കഠിനമാകാത്തതും, മറഞ്ഞിരിക്കുന്ന പാപങ്ങളില്ലാത്തതും, യുഗത്തിന്റെ ആകുലതകളില്ലാത്തതും, ധനത്തിന്റെ വഞ്ചനയില്ലാത്തതും, മറ്റ് കാര്യങ്ങൾക്കായുള്ള മോഹങ്ങളില്ലാത്തതുമായ ഒരു ഹൃദയമാണ്. ഇങ്ങനെയുള്ള ഒരു ഹൃദയം ശുദ്ധവും നല്ലതും ശരിയായതുമാണ്.

ജീവവൃക്ഷമായ ത്രിയേകദൈവം, നമ്മുടെ ആസ്വാദനമാകുവാൻ നമ്മിലേക്ക് തന്നെത്തന്നെ പകർന്നിരിക്കുന്നു. അവൻ നമ്മുടെ ഹൃദയത്തിലേക്ക് വിതയ്ക്കപ്പെട്ട ജീവന്റെ വിത്താണ്. നമ്മുടെ ഹൃദയം, മണ്ണ്, നിലം പോലെയാണ്. നമ്മുടെ ഹൃദയമെന്ന മണ്ണ് വഴിയരികാണെങ്കിൽ, ലോകം ചവിട്ടിമെതിക്കുകയും

പല കാര്യങ്ങളാൽ വ്യാപൃതമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അത് കഠിനമായിത്തീരുന്നു. ജീവന്റെ വിത്ത് അതിലേക്ക് വിതയ്ക്കപ്പെടുന്നതിന് നമ്മുടെ ഹൃദയം എല്ലാ കൃത്യാന്തരങ്ങളിൽനിന്നും മോചിപ്പിക്കപ്പെടണം. നമ്മുടെ ഹൃദയം ഒന്നിലും വ്യാപൃതമായിക്കരുതെങ്കിലും നമ്മുടെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന പാറകൾ ഉണ്ടായിരിക്കാം. പാറകൾ മറഞ്ഞിരിക്കുന്ന പാപങ്ങളും, വ്യക്തിപരമായ ആഗ്രഹങ്ങളും, സ്വയം അന്വേഷിക്കലും, സ്വയം സഹതാപവുമാണ് അവ വിത്തിനെ ഭൂമിയുടെ ആഴങ്ങളിൽ വേരൂന്നുന്നതിൽനിന്ന് തടസ്സപ്പെടുത്തുന്നു. നാം കാഴ്ചയിൽ ഒരു നല്ല സഹോദരനോ സഹോദരിയോ ആയിരിക്കാമെങ്കിലും നമ്മുടെ ഹൃദയത്തിലെ പാറകൾ നിമിത്തം നാം കർത്താവിനോട് ഉപരിപ്ലവമാണ്. അങ്ങനെജീവന്റെ വിത്തായ കർത്താവിന് നമ്മുടെ ഉള്ളിൽ ആഴത്തിൽ വളരുക അസാധ്യമാണ്. നമ്മുടെ ഹൃദയം യുഗത്തിന്റെ ആകുലതകളും, സമ്പത്തിന്റെ വഞ്ചനയും, മറ്റ് കാര്യങ്ങൾക്കായുള്ള മോഹങ്ങളുമായ മുള്ളുകൾകൊണ്ട് നിറഞ്ഞിരിക്കാനും സാധ്യതയുണ്ട്. ചില ആളുകളുടെ ഹൃദയം ഒരു മികച്ച കാറിൽ ഉറപ്പിച്ചിരിക്കുന്നു. ഈ ആഗ്രഹത്തിനുപോലും വചനം ഫലവത്താകുന്നതിൽനിന്നും തടയുവാനും ഞെരുക്കുവാനും കഴിയും. മുള്ളുകൾ വിത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തുകയും ഞെരുക്കുകയും ചെയ്യുന്നു.

നമ്മുടെ പൂർണ്ണ ആസ്വാദനമായിരിക്കുവാൻ ജീവന്റെ വിത്തായ കർത്താവ് നമ്മുടെ ഉള്ളിൽ വളരണമെങ്കിൽ,നമ്മുടെ ഹൃദയത്തോട് നാം ഇടപെടേണ്ടതുണ്ട്. നമ്മോട് കരുണ കാണിക്കുവാൻ നാം കർത്താവിനോട് അപേക്ഷിക്കണം. അവന്റെ കരുണയാൽ നമ്മുടെ ഹൃദയത്തിലെ ഈ പ്രതിലോമ കാര്യങ്ങളോടെല്ലാം നാം ഇടപെടേണ്ടതുണ്ട്. നമ്മെ വ്യാപൃതമാക്കുന്ന കാര്യങ്ങളുമായുംമറഞ്ഞിരിക്കുന്ന പാറകളുമായും, യുഗത്തിന്റെ ആകുലതകളുമായും, ധനത്തിന്റെ വഞ്ചനയുമായും, മറ്റ് കാര്യങ്ങൾക്കായുള്ള മോഹങ്ങളുമായും നാം ഇടപെടണം. അപ്പോൾ നമ്മുടെ ഹൃദയം നല്ലതും, നേരുള്ളതും, ശരിയായതും, വിടുവിക്കപ്പെട്ടതും, ജീവന്റെ വിത്തായ ക്രിസ്തു നമ്മുടെ ഉള്ളിൽ വളരുവാൻ ഒരുക്കപ്പെട്ടതുമായിരിക്കും.

**നമ്മുടെ ഹൃദയത്തെ കർത്താവിലേക്ക് തിരിക്കുന്നത്**

2 കൊരിന്ത്യർ 3:16-18 പറയുന്നു: “എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം മൂടുപടം നീങ്ങിപ്പോകുന്നു. കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ അവിടെ സ്വാതന്ത്ര്യമുണ്ട്.എന്നാൽഞങ്ങൾ എല്ലാവരും മൂടുപടം നിങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ ഒരു കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട് കർത്താവായ ആത്മാവിൽ നിന്നെന്നപോലെ തേജസ്സിൽനിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.”ജീവൻ നൽകുന്ന ആത്മാവായി നാം കർത്താവിനെക്കുറിച്ച് സംസാരിക്കുന്നുണ്ടാകാം, എന്നാൽ ഇങ്ങനെയുള്ള ജീവനുള്ള ആത്മാവായി കർത്താവിനെ ആസ്വദിക്കുന്നതും അനുഭവിക്കുന്നതും നമ്മുടെ ഹൃദയം അവനിലേക്ക് തിരിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ഹൃദയം കർത്താവിലേക്ക് തിരിക്കുമ്പോൾ, മൂടുപടം നീങ്ങിപ്പോകുന്നു. വാസ്തവത്തിൽ, നമ്മുടെ തിരിഞ്ഞുകളഞ്ഞ ഹൃദയം മൂടുപടമാണ്. നമ്മുടെ ഹൃദയം കർത്താവിലേക്ക് തിരിക്കുകയെന്നാൽ മൂടുപടം എടുത്തുകളയുന്നതാണ്. ജീവൻ നൽകുന്ന ആത്മാവായി കർത്താവിനെ ആസ്വദിക്കുന്നതിലും അവന്റെ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നതിലും നമ്മുടെ ഹൃദയം നിർണായക

ഘടകമാണ്.ജീവൻ നൽകുന്ന ആത്മാവായി നാം കർത്താവിനെ ആസ്വദിക്കുവാനും അവനാൽ രൂപാന്തരപ്പെടുവാനും പോകുകയാണെങ്കിൽ, നാം നമ്മുടെ ഹൃദയത്തോട് നാം ഇടപെടേണ്ടതുണ്ട്. നമ്മുടെ ഹൃദയം കർത്താവിലേക്ക് തിരിയേണ്ടതുണ്ട്.

## മനുഷ്യന്റെ ഭാഗങ്ങൾ

മനുഷ്യൻ മൂന്ന് ഭാഗങ്ങളുള്ളവനാണെന്ന് 1 തെസ്സലൊനീക്യർ 5:23 ശക്തമായി സൂചിപ്പിക്കുന്നു: ആത്മാവും, ദേഹിയും, ശരീരവും. മനുഷ്യൻ ത്രിഭാഗീയനാണെന്ന് കാണിക്കുന്ന മറ്റ് നിരവധി ഭാഗങ്ങൾ തിരുവെഴുത്തുകളിൽ ഉണ്ട് (ലിവിംഗ് സ്ട്രീം മിനിസ്ട്രി പ്രസിദ്ധീകരിച്ച *മനുഷ്യന്റെ ഭാഗങ്ങൾ* കാണുക). ദേഹിയുടെ മൂന്നു ഭാഗങ്ങൾ, അറിയാനുള്ള ഭാഗമായ മനസ്സും (സങ്കീ. 13:2; 139:14); സ്നേഹിക്കുന്ന ഭാഗമായ വികാരവും (1 ശമു. 18:1; വാ. 1:7); തീരുമാനിക്കുന്ന ഭാഗമായ ഇച്ഛയും ആണ് (ഇയ്യോ. 7:15; 6:7). മനസ്സ് നമുക്ക് ചിന്തിക്കുവാനും അറിയുവാനും പരിഗണിക്കവാനും ഉള്ളതാണ്; വികാരം സ്നേഹിക്കുവാനും വെറുക്കുവാനും സന്തോഷിക്കുവാനും ദുഃഖിക്കുവാനും ഉള്ളതാണ്; ഇച്ഛ നമുക്ക് തീരുമാനിക്കുവാൻ അഥവാ തിരഞ്ഞെടുക്കുവാൻ ഉള്ളതാണ്. ദേഹി ഒരു മനുഷ്യന്റെ സാക്ഷാൽ വ്യക്തിയാണ്.

ആത്മാവിനും മൂന്നു ഭാഗങ്ങളുണ്ട്. ഇവ മനസ്സാക്ഷിയും (റോമ. 9:1; cf. 8:16), കൂട്ടായ്മയും (യോഹ. 4:24; റോമ. 1:9), അന്തർജ്ഞാനവുമാണ് (1 കൊരി. 2:11). മനസ്സാക്ഷി നമുക്ക് ശരിയെ തെറ്റിൽ നിന്ന് വിവേചിച്ചറിയുവാനും, നമ്മെ നീതീകരിക്കുകയോ കുറ്റംവിധിക്കുകയോ ചെയ്യാനുമാണ്. ദൈവവുമായി ബന്ധപ്പെടാനും ദൈവവുമായി ആശയവിനിമയം നടത്താനുമുള്ളതാണ് കൂട്ടായ്മ. യുക്തിയോ പരിതസ്ഥിതിയോ എന്തായാലും, നമ്മുടെ ആത്മാവിൽ നേരിട്ടുള്ള ഒരു ഇന്ദ്രിയമോ വികാരമോ ഉണ്ടായിരിക്കുന്നതിനെയാണ് അന്തർജ്ഞാനം അർഥമാക്കുന്നത്. അന്തർജ്ഞാനത്തിന് ദൈവത്തിന്റെ മനസ്സിനെയും ഇച്ഛയെയും ഹൃദയത്തെയും നേരിട്ട് സംവേദിക്കുവാൻ കഴിയും. പലപ്പോഴും ഈ നേരിട്ടുള്ള ഇന്ദ്രിയം ദേഹിയിലുള്ള മനസ്സിന്റെയോ വികാരത്തിന്റെയോഅനുഭൂതിയുടയോ അറിവിന് എതിരാണ്.

ഹൃദയം ദേഹിയുടെ എല്ലാ ഭാഗങ്ങളും ആത്മാവിന്റെ ഒരു ഭാഗമായ മനസ്സാക്ഷിയും ചേർന്നതാണ്.അങ്ങനെ, മനസ്സ്, ഇച്ഛ, വികാരം, മനസ്സാക്ഷി എന്നിവയാൽ നിർമ്മിക്കപ്പെട്ടതാണ് ഹൃദയം.എബ്രായർ 4:12 ഹൃദയത്തിന്റെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും കുറിച്ച് സംസാരിക്കുന്നു. ചിന്തകൾ മനസ്സിലും, ഉദ്ദേശ്യങ്ങൾ ഇച്ഛയോട് ബന്ധപ്പെട്ടതുമാണ്. ദുർമനസ്സാക്ഷിയിൽനിന്ന് നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെടണമെന്ന് എബ്രായർ 10:22 നമ്മോടു പറയുന്നു, നമ്മുടെ പൂർണ ഹൃദയത്തിൽനിന്നും നാം കർത്താവിനെ സ്നേഹിക്കേണ്ടതാവശ്യമാണെന്ന് നാം കണ്ടു. താഴെ കൊടുത്തിരിക്കുന്ന ഡയഗ്രമിലെ നിഴൽഭാഗം ഹൃദയത്തിന്റെ ഭാഗങ്ങളാണ്.

Diagram

മുകളിലെ ചിത്രം നമ്മെ കാണിക്കുന്നത് ആത്മാവ് ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യനായ ഹൃദയത്താൽ ചുറ്റപ്പെട്ടിരിക്കുന്നു എന്നാണ്. സദൃശവാക്യങ്ങൾ 4:23 നമ്മോടു പറയുന്നു: "സകലജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നത്." ഹൃദയം, പ്രവേശനത്തിനും പുറത്തുപോകുന്നതിനുമുള്ളആത്മാവിന്റെ കവാടമാണ്. ഹൃദയം അടഞ്ഞിരിക്കുമ്പോൾ ആത്മാവ് തടവിലാക്കപ്പെടുന്നു. ഹൃദയം തുറന്നിരിക്കുമ്പോൾ ആത്മാവ് വിടുവിക്കപ്പെട്ടിരിക്കും.

യിരെമ്യാവ് 31:33 പറയുന്നു: "എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽഗൃഹത്തോടു ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും എന്ന് യഹോവയുടെ അരുളപ്പാട്." ഈ വാക്യത്തെ നാം എബ്രായർ 8:10-മായി താരതമ്യം ചെയ്യേണ്ടതാവശ്യമാണ്. എബ്രായർ 8:10 പറയുന്നു: "ഞാൻ എന്റെ പ്രമാണങ്ങളെ അവരുടെ മനസ്സിലേക്ക് പകരും."യിരെമ്യാവ് 31:33-ൽ *മനസ്സിനു*വേണ്ടി *ആന്തരിക ഭാഗങ്ങൾ* ഉപയോഗിക്കുന്നു. മനസ്സ് ആന്തരിക ഭാഗങ്ങളിൽ ഒന്നാണെന്ന് ഇത് തെളിയിക്കുന്നു. ഇത് *ആന്തരിക ഭാഗങ്ങൾ* എന്ന പദത്തിന്റെ ഒരു വ്യാഖ്യാനം കൂടിയാണ്. ആന്തരിക ഭാഗങ്ങളിൽ മനസ്സു മാത്രമല്ല, ഹൃദയത്തിന്റെ സംയോജനമായ വികാരവും ഇച്ഛയും ഉൾപ്പെടുന്നു. യിരെമ്യാവ് 31:33-ൽ കർത്താവ് തന്റെ ന്യായപ്രമാണം നമ്മുടെ ആന്തരിക ഭാഗങ്ങളിൽ വയ്ക്കുമെന്ന് പറഞ്ഞു. എന്നാൽ എബ്രായർ 8:10-ൽ പ്രമാണങ്ങൾ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. ഒടുവിൽ, ഒരു പ്രമാണം അനേകം പ്രമാണങ്ങളായിത്തീരുന്നു. തന്റെ ദിവ്യജീവൻ നമ്മിലേക്ക് പകരുന്നതിലൂടെ, ദൈവം ജീവന്റെ പ്രമാണം നമ്മുടെ ആത്മാവിലേക്ക് വയ്ക്കുന്നു, അവിടെനിന്നും അത് നമ്മുടെ മനസ്സ്, വികാരം, ഇച്ഛ തുടങ്ങിയ ആന്തരിക ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും നിരവധി പ്രമാണങ്ങളായിത്തീരുകയും ചെയ്യുന്നു. ജീവന്റെ പ്രമാണം മനസ്സിന്റെ ഒരു പമാണവും, വികാരത്തിന്റെ ഒരു പ്രമാണവും, ഇച്ഛയുടെ ഒരു പ്രമാണവും ആയിത്തീരുന്നു.

സങ്കീർത്തനം 51:6 പറയുന്നു: "അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നത്; അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ." വീണ്ടും, ആന്തരിക ഭാഗങ്ങൾ മനസ്സും, വികാരവും, ഇച്ഛയുമാണ്. സത്യം ആന്തരിക ഭാഗങ്ങളിലുള്ള ഒന്നും, ജ്ഞാനം മറഞ്ഞിരിക്കുന്ന ഭാഗത്തിലുമാണ്. ജ്ഞാനം സത്യത്തേക്കാൾ ആഴമുള്ളതാണ്. നമ്മുടെ മനസ്സിലും, വികാരത്തിലും, ഇച്ഛയിലും സത്യം ഉണ്ടായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ആത്മാവിൽ, ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യനായമറഞ്ഞിരിക്കുന്ന ഭാഗത്തിൽ, അവൻ നമുക്ക് ജ്ഞാനം വെളിപ്പെടുത്തുന്നു.

**മാനസാന്തരപ്പെടുകയും ഏറ്റുപറയുകയും ചെയ്യുന്നതിലൂടെ നമ്മുടെ ഹൃദയം കർത്താവിനു തുറക്കുന്നത്**

നമ്മിൽ ജീവന്റെ വിത്തായി തന്നെത്തന്നെ വിതയ്ക്കുക എന്നതാണ് കർത്താവിന്റെ ഉദ്ദേശ്യമെന്ന് നാം കണ്ടു. നാം ജീവനുള്ള ഭൂമിയാണ്, ജീവനുള്ള മണ്ണാണ്, ജീവനുള്ള നിലമാണ്. ആത്മാവ് ഹൃദയത്താൽ ചുറ്റപ്പെട്ടിരിക്കുന്നു, അതിനാൽ കർത്താവ് നമ്മിലേക്ക് വരണമെങ്കിൽ, നമ്മുടെ ഹൃദയം തുറന്നിരിക്കണം. മാനസാന്തരപ്പെട്ടും ഏറ്റുപറഞ്ഞുംകൊണ്ട് നമ്മുടെ ഹൃദയത്തെ നമുക്ക് തുറക്കുവാൻ കഴിയും.യവനഭാഷയിൽ *മാനസാന്തരപ്പെടുക*എന്ന

വാക്കിന്റെ അർഥം മനസ്സിന്റെ മാറ്റം അഥവാ മനസ്സിന്റെ തിരിവ് എന്നാണ്. നമ്മുടെ മനസ്സ് ആദ്യം കർത്താവിനു നേരേയല്ല, മറിച്ച് മറ്റെന്തിന്റെയോ നേരെയായിരുന്നു, നമ്മുടെ മനസ്സ് ഉറച്ചിരുന്നു. ഇപ്പോൾ നാം അനുതപിക്കേണ്ടതുണ്ട്, അതായത് നമുക്ക് മനസ്സിന്റെ ഒരു മാറ്റം ഉണ്ടായിരിക്കണം, നമ്മുടെ മനസ്സിനെ തിരിക്കണം. മനസ്സ് കർത്താവിന് തുറന്നിരിക്കുന്നു എന്നാണ് ഇതർഥമാക്കുന്നത്. നമ്മുടെ മാനസാന്തരത്തെത്തുടർന്ന്, നാം എപ്പോഴും ഏറ്റുപറയും. നമ്മുടെ എല്ലാ പരാജയങ്ങളെയും, പാപങ്ങളെയും, കുറവുകളെയും കർത്താവിനോട് ഏറ്റുപറയേണ്ടതുണ്ട്. ഏറ്റുപറച്ചിൽ മനസ്സാക്ഷിയുടെ വ്യായാമമാണ്. നമ്മുടെ മനസ്സിനെ തിരിച്ചുകൊണ്ട് നാം അനുതപിക്കുമ്പോൾ, നമ്മുടെ മനസ്സാക്ഷിയെവ്യായാമം ചെയ്തുകൊണ്ട് നാം ഉടൻതന്നെ ഏറ്റുപറയും. അപ്പോൾ ഹൃദയത്തിന്റെ ഒരു തുറക്കൽ ഉണ്ടാകും. കർത്താവിനോട് അനുതപിക്കുന്നതും ദൈവമുമ്പാകെ നമ്മുടെ എല്ലാ പരാജയങ്ങളും ഏറ്റുപറയുന്നതും നാം ഗൗരവമായി എടുക്കുപ്പോൾ, നമ്മുടെ വികാരം ഉടനടി ചലിപ്പിക്കപ്പെടുകയും സ്പർശിക്കപ്പെടുകയും ചെയ്യും. നാം കർത്താവിനോട് പറയും, “കർത്താവായ യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.” നമ്മുടെ വികാരം ചലിപ്പിക്കപ്പെടുമ്പോൾ, നമ്മുടെ ഇച്ഛ കർത്താവിനുവേണ്ടി ഒരു തീരുമാനം എടുക്കും. നാം പറയും: "കർത്താവേ, ഇന്നുമുതൽ നിന്നെയല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. നീ എന്റെ ലാക്കും ലക്ഷ്യവും എന്റെ ഒരേയൊരു ആഗ്രഹവുമായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിന്നെ മാത്രം അന്വേഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു." ഹൃദയത്തിന്റെ മനസ്സ് തിരിയുകയും, ഹൃദയത്തിന്റെ മനസ്സാക്ഷി തുറക്കപ്പെടുകയും, ഹൃദയത്തിന്റെ വികാരവും ഇച്ഛയും പിന്തുടരുകയും ചെയ്യുന്നു. അങ്ങനെ, മുഴുവൻ ഹൃദയവും കർത്താവിനായി തുറക്കപ്പെടുകയും, നമ്മുടെ ഹൃദയത്തിലേക്ക് വരാൻ കർത്താവിന് ഒരു വഴി ഉണ്ടായിരിക്കുകയും ചെയ്യുന്നു. അനുതപിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നതിലൂടെയാണ് നമ്മുടെ ഹൃദയം കർത്താവിനായി തുറക്കപ്പെടുന്നത്. ഇത് തിരുവെഴുത്തുകളിൽ വെളിപ്പെടുത്തുകയും, നമ്മുടെ അനുഭവത്തിലൂടെ തെളിയിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

നമ്മിൽ പലരെയും സംബന്ധിച്ചിടത്തോളം, കർത്താവ് നമ്മിലേക്ക് വന്നയുടനെ, നാം അവന് അടയ്ക്കപ്പെട്ടവരായിത്തീർന്നു എന്നതാണ് ദുഃഖകരമായ കാര്യം. അപ്പോൾ കർത്താവ് നമ്മുടെ ആത്മാവിൽ തടവിലാക്കപ്പെടുകയും നമ്മുടെ ഹൃദയത്തിൽ അവന്റെ ഭവനം പണിയുവാൻ മാർഗമില്ലാതാകുകയും ചെയ്തു. നാം രക്ഷിക്കപ്പെട്ടശേഷം, ക്രമേണ നമ്മുടെ വികാരം അവന് അടഞ്ഞതായിത്തീരുകയും, നമ്മുടെ ഇച്ഛ അവന് അടഞ്ഞതായിത്തീരുകയും, നമ്മുടെ മനസ്സ് അവന് അടഞ്ഞതായിത്തിരുകയും, നമ്മുടെ മനസ്സാക്ഷി അവന് അടഞ്ഞതായിത്തീരുകയും ചെയ്തിട്ടുണ്ടാകാം.. അങ്ങനെ, കർത്താവ് നമ്മുടെ ആത്മാവിൽ തടവിലാക്കപ്പെട്ടു. ഇതുകൊണ്ടാണ് പഴയനിയമത്തിലും പുതിയനിയമത്തിലും കർത്താവ് എപ്പോഴും നമ്മെ മാനസാന്തരപ്പെടുവാൻ ആഹ്വാനം ചെയ്യുന്നത്. വെളിപ്പാട് 2-ലും 3-ലും സഭകൾക്കുള്ള ഏഴ് ലേഖനങ്ങളിൽ കർത്താവ് വിശുദ്ധന്മാരോട് വീണ്ടും വീണ്ടും മാനസാന്തരപ്പെടുവാൻ പറയുന്നു. ദിവസവും രാവിലെയും വൈകുന്നേരവും നാം മാനസാന്തരപ്പെടണം. മാനസാന്തരപ്പെടുക എന്നാൽ നമ്മുടെ മനസ്സിനെ കർത്താവിലേക്ക് തിരിക്കുക, നമ്മുടെ മനസ്സിനെ തുറക്കുക എന്നാണ്.

ഇതിനെത്തുടർന്ന്, നമ്മുടെ മനസ്സാക്ഷി നമ്മുടെ പാപങ്ങളുടെസമഗ്രമായഒരു ഏറ്റുപറച്ചിലിലൂടെവ്യായാമം ചെയ്യപ്പെടും. തുടർന്ന് നമ്മുടെ വികാരം കർത്താവിനെ സ്നേഹിക്കുവാൻ പിന്തുടരുകയും, കർത്താവിനെ തിരഞ്ഞെടുക്കുവാൻ നമ്മുടെ ഇച്ഛ പിന്തുടരുകയും ചെയ്യും. നമ്മുടെ ഹൃദയം കർത്താവിനായി പൂർണ്ണമായും തുറക്കപ്പെടുകയും, കർത്താവിന് നമ്മെ അവനെക്കൊണ്ടുതന്നെ നിറയ്ക്കുവാൻ ഒരു വഴി ഉണ്ടായിരിക്കുകയും ചെയ്യും എന്നതാണ് ഫലം. നമ്മുടെ ഹൃദയത്തെ കർത്താവിന് ജീവവിത്തായി വളരുന്നതിനുള്ള നല്ല നിലമാക്കി മാറ്റുന്നതിന് അതിനോട് ഇടപെടാനുള്ള മാർഗം ഇതാണ്.

ഈ വിധത്തിൽ നാം കർത്താവുമായി ഇടപെടുന്നുവെങ്കിൽ നമ്മുടെ എല്ലാ കൃത്യാന്തരങ്ങളും നമ്മുടെ ആളത്തത്തിൽനിന്നും നീക്കം ചെയ്യപ്പെടും. പാറകളും മുള്ളുകളും കൈകാര്യം ചെയ്യപ്പെടും. അപ്പോൾ നമ്മുടെ ഹൃദയം നല്ലതും ശുദ്ധവുമായിരിക്കും. നമ്മുടെ ഹൃദയത്തെവഴിയരികാക്കുവാൻ ശത്രു എല്ലായ്പോഴും അവസരത്തിനായി നോക്കിക്കൊണ്ടിരിക്കുന്നു. പലപ്പോഴും നമ്മുടെ ഹൃദയത്തിന്റെ മണ്ണിൽ ചവിട്ടിമെതിക്കപ്പെടുവാനും അങ്ങനെ നമ്മുടെ ഹൃദയത്തെ കഠിനമാക്കുവാനും കാര്യങ്ങൾ നടക്കുവാൻ നാം അനുവദിക്കുന്നു, നമ്മുടെ ഭാര്യയാലോ, നമ്മുടെ മക്കളാലോ, നമ്മുടെ മാതാപിതാക്കളാലോ നാം വ്യാപൃതരായിരിക്കാം. ചിലപ്പോൾ നാം ദൈവവചനം കേട്ടുകൊണ്ട് ഒരു യോഗത്തിലായിരിക്കാം, എന്നാൽ ദൈവവചനത്തിന് നമ്മിലേക്ക് തുളച്ചുകയറുവാൻ കഴിയുന്നില്ല. ഇതിനുള്ള കാരണം നമ്മുടെ ഹൃദയം വ്യാപൃതമായിരിക്കുന്നു എന്നതാണ്. നമ്മുടെ ഹൃദയം ഭൗമിക കാര്യങ്ങളെക്കൊണ്ട്, ക്രിസ്തുവല്ലാത്ത കാര്യങ്ങളെക്കൊണ്ട് വ്യാപൃതമായിരിക്കാം. ഒരു സഹോദരനോ സഹോദരിയോ വാസ്തവത്തിൽ കർത്താവിനുവേണ്ടിയാണെന്ന് നമുക്ക് തോന്നാം, എന്നാൽ അവരുടെ ഹൃദയത്തിൽ ചില മറഞ്ഞിരിക്കുന്ന പാറകൾ ഉണ്ടെന്നും, അങ്ങനെ അവരുടെ ഉള്ളിൽ ജീവവിത്തിന് വേരൂന്നുന്നത് അസാധ്യമാണെന്നും നാം തിരിച്ചറിയുന്നില്ലായിരിക്കാം. കൂടാതെ, യുഗത്തിന്റെ ആകുലതകളും, ധനത്തിന്റെ വഞ്ചനയും, മറ്റ് കാര്യങ്ങൾക്കായുള്ള മോഹങ്ങളുമായ മുള്ളുകൾ വിത്തിനൊപ്പം വളരുകയും വളർച്ചയെ ഞെരുക്കുകയും ചെയ്യും. കർത്താവ് ഒരുക്കമുള്ളവനും ലഭ്യനുമാണ്, എന്നാൽ നമ്മുടെ ഹൃദയം അത്ര ലഭ്യമല്ല. നമ്മുടെ ഹൃദയം ശുദ്ധമല്ല. അതുകൊണ്ടാണ് നമ്മുടെ ഹൃദയത്തോട് നാം ഇടപെടേണ്ടതാവശ്യമായിരിക്കുന്നത്. ഹൃദയം ശുദ്ധിയുള്ളതായിരിക്കണം.

ദുർമനസ്സാക്ഷിയിൽനിന്ന് നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെടണമെന്ന് എബ്രായർ 10:22 നമ്മോട് പറയുന്നു. യാതൊരു കുറ്റപ്പെടുത്തലോ കുറ്റബോധമോ ഇല്ലാത്ത ഒരു മനസ്സാക്ഷി നമുക്കുണ്ടായിരിക്കണം. നമ്മുടെ മനസ്സാക്ഷി വെടിപ്പാക്കപ്പെടുകയും ശുദ്ധമാക്കപ്പെടുകയും വേണം. അപ്പോൾ നമ്മുടെ ഹൃദയം കർത്താവിനുവേണ്ടിയുള്ള നല്ല മണ്ണായിരിക്കുവാൻ എല്ലാ വ്യാപൃതമായ കാര്യങ്ങളിൽനിന്നും വിടുവിക്കപ്പെടും. നമ്മുടെ ഹൃദയത്തിന്റെ നാലു ഭാഗങ്ങളും ഇടപെടൽ പ്രാപിക്കേണ്ടതുണ്ട്. മനസ്സ് എപ്പോഴും കർത്താവിലേക്ക് തിരിഞ്ഞിരിക്കണം. വികാരം എപ്പോഴും കർത്താവിനെ സ്നേഹിക്കുന്നതും കർത്താവിനുവേണ്ടി തീക്ഷ്ണതയുള്ളതും, ശുഷ്കാന്തിയുള്ളതുമായിരിക്കണം. ഇച്ഛ കീഴ്പെടുന്നതും വഴങ്ങുന്നതും, എന്നാൽ ശക്തവും ആയിരിക്കണം. അവസാനമായി, മനസ്സാക്ഷി ശുദ്ധമാക്കപ്പെടുകയും യാതൊരു കുറ്റമില്ലാത്തതുമായിരിക്കണം. അപ്പോൾ നമുക്ക് ശരിയായ ഒരു ഹൃദയം

ഉണ്ടായിരിക്കും. ജീവിതത്തിൽ ഈ പാഠങ്ങൾ പഠിക്കുവാൻ നാം ശ്രമിക്കുകയും ദൈവമക്കൾ ഈ പാഠങ്ങളെല്ലാം പഠിക്കുവാൻ അവരെ സഹായിക്കുകയും വേണം. കർത്താവിനെ നാം ആസ്വദിക്കുവാൻ അനിവാര്യമായ പാഠങ്ങളാണിവ.

### ആത്മാവിൽ ദരിദ്രരായിരിക്കുവാൻ കർത്താവുമായി ഇടപെടുന്നത്

ഹൃദയശുദ്ധിയുള്ളവരായിരിക്കുവാൻ കർത്താവുമായി ഇടപെടുന്നതിനൊപ്പം, ആത്മാവിൽ ദരിദ്രരായവരായിരിക്കുവാൻ നാം കൂടുതൽ ആഴത്തിൽ പോകേണ്ടതാവശ്യമാണ്. കർത്താവിന്റേതായ എന്തെങ്കിലും കൂടുതൽ നമ്മിലേക്ക് നിക്ഷേപിക്കുന്നതിനുവേണ്ടി നമ്മുടെ ആത്മാവ് ശൂന്യമല്ലായിരിക്കാം. മത്തായി 5 അനുസരിച്ച്, നാം ആദ്യം നമ്മുടെ ആത്മാവിനോട് ഇടപെടണം. മത്തായി 5-ലെ ഒമ്പത് അനുഗ്രഹങ്ങൾക്കുള്ള ആദ്യ വ്യവസ്ഥ ആത്മാവിൽ ദരിദ്രരായിരിക്കുക എന്നതാണ്. നാം ഇങ്ങനെ പ്രാർഥിക്കണം: “കർത്താവേ, എന്നെ ശൂന്യമാക്കേണമേ. നീയല്ലാത്ത സകലത്തിൽനിന്നും എന്റെ ആത്മാവിനെ ഒഴിപ്പിക്കുകയും ശൂന്യമാക്കുകയും ചെയ്യേണമേ. നിന്നെക്കുറിച്ചുള്ള പഴയ അനുഭവങ്ങളിൽ നിന്നുപോലും എന്റെ ആത്മാവിനെ ശൂന്യമാക്കേണമേ.” പഴയ ക്രിസ്താനുഭവങ്ങളാൽ നാം നിറഞ്ഞവരായിരിക്കരുത്.നമ്മുടെ പഴയ ക്രിസ്താനുഭവത്തിന് പുതിയതും, പുതുമയുള്ളതും, കാലികവുമായ രീതിയിൽ ക്രിസ്തുവിനെ അനുഭവിക്കുന്നതിൽനിന്നും നമ്മെ തടസ്സപ്പെടുത്തുവാൻ കഴിയും. നമ്മുടെ ആത്മാവ് ശൂന്യമാക്കപ്പെടണം. ഇതാണ് യഥാർഥതാഴ്മ.ഒരു വ്യക്തി പുറമെ താഴ്മയുള്ളവനായിരിക്കുവാനും എന്നാൽ അവന്റെ ആത്മാവിൽ വളരെയേറെ അഹങ്കരിക്കുവാനും സാധ്യമാണ്. യഥാർഥ താഴ്മ ആത്മാവിലുള്ള ഒരു കാര്യമാണ്. അതുകൊണ്ടാണ് സൗമ്യവും ശാന്തവുമായ ഒരു ആത്മാവിന്റെ ആവശ്യമുണ്ടെന്ന് പത്രൊസ് നമ്മോടു പറയുന്നത്. യഥാർഥ സൗമ്യത ആത്മാവിലാണ്. ഒരു വ്യക്തി പുറമെ ശാന്തനായിരിക്കാം, എന്നാൽഅകമെ അഭിപ്രായങ്ങളാൽ നിറഞ്ഞവനായിരിക്കാം.

പഴയ അറിവ്, പഴയ അനുഭവം തുടങ്ങിയ നിരവധി പഴയ കാര്യങ്ങളിൽനിന്നും നമ്മുടെ ആത്മാവിനെ ശൂന്യമാക്കുന്നതിലൂടെ ആത്മാവിൽ ദരിദ്രരായിരിക്കുവാൻ കർത്താവുമായി ഇടപെടാനുള്ള പാഠം നാം ദിനംപ്രതി പഠിക്കേണ്ടതുണ്ട്. നമ്മുടെ ഹൃദയം തുറന്നതല്ലെങ്കിൽ, കർത്താവിന് അവനെത്തന്നെ നമ്മിലേക്ക് പകരുവാൻ ഒരു സാധ്യതയുമില്ല. നമ്മുടെ ആത്മാവ് നിറഞ്ഞതാണെങ്കിൽ, നമ്മുടെ ആളത്തത്തിലേക്ക് കർത്താവിന് അവനെത്തന്നെ പുതിയതായി പകരുവാൻ ഒരു മാർഗവുമില്ല. നാം ആത്മാവിൽ ദരിദ്രരും ഹൃദയശുദ്ധിയുള്ളവരും ആയിരിക്കണം. നമ്മുടെ ആത്മാവിനെ ശൂന്യമാക്കുവാനും നമ്മുടെ ഹൃദയത്തെ വെടിപ്പാക്കുവാനും നാം കർത്താവിനോട് ആവശ്യപ്പെടണം. അപ്പോൾ കർത്താവിന് നമ്മിൽ സ്വതന്ത്രമായ വഴിയും നമ്മെ നിറയ്ക്കുവാൻ നമ്മുടെ ആളത്തത്തിൽ മതിയായ ഇടവും ഉണ്ടായിരിക്കും.

### ജീവവൃക്ഷമായി ക്രിസ്തുവിനെ അനുഭവമാക്കുവാനും ആസ്വദിക്കുവാനുമുള്ള ശരിയായ ഒരു ഹൃദയവും ശരിയായ ആത്മാവും

ഹൃദയം ആത്മാവുമായുള്ള സഹകരണത്തിൽ പ്രവർത്തിക്കുന്നു, എന്നാൽ കർത്താവിനെ നേരിട്ട് സ്വീകരിക്കുവാനും ബന്ധപ്പെടാനുമുള്ള അവയവമാണ് ആത്മാവ്. നാം കർത്താവിനെ ബന്ധപ്പെടുവാൻ പോകുകയാണെങ്കിൽ, നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യണം. നാം കർത്താവിനെ സേവിക്കുവാൻ പോകുകയാണെങ്കിൽ, നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യണം. നാം

കർത്താവിനെ സ്വീകരിക്കുവാൻ പോകുകയാണെങ്കിൽ, കർത്താവിനെ ഉള്ളിലേക്കെടുക്കണമെങ്കിൽ, നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യണം. എന്നാൽ നമ്മുടെ ആത്മാവിന്റെ വ്യായാമംഹൃദയത്തിന്റെ അവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ഹൃദയത്തിന്റെ അവസ്ഥ തെറ്റാണെങ്കിൽ, നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യുന്നത് ബുദ്ധിമുട്ടാണ്. സഭയിലെ വിശുദ്ധന്മാരുമായി നാം ഒരിക്കലും ചെയ്യുവാൻ പാടില്ലാത്ത കാര്യം രാഷ്ട്രീയം കളിക്കരുത് എന്നതാണ്. ഒരു സഹോദരനു നേരേ ഒരു രീതിയിലായിരിക്കുവാൻ നടിക്കുകയും എന്നാൽ അവന്റെ പുറകിൽ അവനെ തുരങ്കംവയ്ക്കുകയും ചെയ്യുന്ന രണ്ട് മുഖങ്ങൾ നമുക്കുണ്ടായിരിക്കരുത്. കർത്താവിനെ അനുഭവമാക്കുന്നതിന് നമ്മുടെ ഹൃദയം സത്യസന്ധവും ആത്മാർത്ഥവുമായിരിക്കണം. നാം വിശ്വസ്തരും, സത്യസന്ധരും, തുറന്ന മനസ്സുള്ളവരും ആയിരിക്കണം. എന്തെങ്കിലും പറയേണ്ടതാവശ്യാണെന്ന് നമുക്ക് തോന്നുന്നുവെങ്കിൽ, അത് നാം വിശ്വസ്തതയോടെയും, സത്യസന്ധമായും, ശരിയായും പറയണം. നാം ദൈവത്തിന്റെ മക്കളാണ്, വെളിച്ചത്തിലുള്ള മക്കളാണ്. നമ്മുടെ ഹൃദയം സത്യസന്ധവും ശുദ്ധവുമായിരിക്കണം. നമ്മുടെ മനസ്സാക്ഷി ശുദ്ധമാക്കപ്പെടണം. നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുകയാണെങ്കിൽ, നമുക്കെങ്ങനെ ശരിയായ രീതിയിൽ പ്രാർഥിക്കുവാൻ കഴിയും?

നമ്മുടെ ആളത്തത്തിലുള്ള ഈ പ്രതിലോമ കാര്യങ്ങളോടെല്ലാം ഇടപെടുന്നതിന്റെ പാഠം പഠിക്കുവാൻ നാമെല്ലാവരും കർത്താവിലേക്ക് നോക്കേണ്ടതാവശ്യമാണ്. എപ്പോഴും കർത്താവിലേക്ക് തിരിയുകയും അവനിൽ ഉറപ്പിക്കുകയും ചെയ്യുന്ന ഒരു മനസ്സോടുകൂടിയ ഒരു ശുദ്ധമായ ഹൃദയം നമുക്ക് നൽകണമെന്ന് നാം കർത്താവിനോട് അപേക്ഷിക്കണം. നമ്മുടെ പരാജയങ്ങളും നമ്മുടെ പാപങ്ങളും അവന്റെ മുമ്പാകെ ഏറ്റുപറയുവാൻ എപ്പോഴും പരിശീലിപ്പിക്കപ്പെടുന്ന ഒരു മനസ്സാക്ഷി നമുക്ക് നൽകണമെന്ന് നാം കർത്താവിനോട് അപേക്ഷിക്കണം. അപ്പോൾ കീഴ്പെടുന്നതും, വഴക്കമുള്ളതും, ശക്തവുമായ ഒരു ഇച്ഛയോടുകൂടെ നമ്മുടെ വികാരത്തെ അവനുവേണ്ടി വളരെ തീക്ഷ്ണതതയും ശുഷ്കാന്തിയുമുള്ളതാക്കുവാൻ കർത്താവിന് ഒരു വഴി ഉണ്ടായിരിക്കും. ആത്മാവിൽ ദരിദ്രരായിരിക്കുവാനും നമുക്ക് കർത്താവുമായി ഇടപെടാം. കർത്താവിന്റെ കൂടുതൽ പുതുമയുള്ളതും പുതിയതും കാലികവുമായ അനുഭവങ്ങൾക്കായി നാം വിശപ്പും ദാഹവും ഉള്ളവരായിരിക്കേണ്ടതാവശ്യമാണ്.നാം നിശ്ചിതരോ ഉറച്ചവരോ ആയിരിക്കാതെ നമ്മുടെ ആത്മാവിൽ എല്ലാ സമയത്തും ശൂന്യരായിരിക്കണം. അപ്പോൾ നാം ക്രിസ്തുവിനെ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുകയും, അവന് നമ്മുടെ ഉള്ളിൽ വളരാനുള്ള അവസരവും കഴിവും ഇടവും ഉണ്ടായിരിക്കുകയും ചെയ്യും. ജീവവൃക്ഷമായി അവനെ അനുഭവിക്കുവാനും ആസ്വദിക്കുവാനും ശരിയായ ഒരു ഹൃദയവും ശരിയായ ഒരു ആത്മാവും കർത്താവ് നമുക്ക് നൽകട്ടെ. (*The Collected Works of Witness Lee, 1965,* vol. 2, "The Tree ofLife," pp. 183-193)